ഓർത്തഡോക്സ്

# യുവജനം

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

2015 ആഗസ്റ്റ്








ANZEN SAFETY
TRAINING & CONSULTING SOLUTIONS PVT LTD.

Join International Diploma in Health and Safety (LEVEL 4) Course with us.



**Qualification Details**

The HABC Level 4 Award in Health and Safety in the workplace (QCF) has been accredited by the regulators of England and Wales (Ofqual and the Welsh Government) and is a part of the qualification and credit framework (QCF). It supported by Proskills, the Sector Skills Council for the process and manufacturing sector

**Qualification Overview**

The Level 4 Award in Health and Safety in the workplace qualification is aimed at Supervisors and Managers with a direct responsibility for health and safety management. The qualification is intended for learners already working in the capacity of supervisor or manager and those who are preparing to start work at this level. Learners gaining this qualification will know that supervisors and managers have legal and moral obligations to ensure health and safety within a business and that this includes obligations to employees, contractors, visitors and suppliers. Its subject areas are regarded by the Health and Safety Executive as being important to developing safe working procedures in the workplace

**Courses we offers**




- International vocational qualification in health and safety
- Health and Safety customized Courses
- QA/QC & NDTCourses
- Scaffolding Courses
- IRCA approved course


Scaffolding


Non-Destructive Testing


CONTACT ADDRESS
34/306 D, Second Floor, JB Plaza,
Near NSS Hostel,
Oberon Mall Junction,Padivattom,
Ernakulam-682024, Kerala, India.
Cell: +91-954-495-9993/+91-954-495-9997,

Our accreditations

info@anzensafety.org

www.anzensafety.org

INDIA | OMAN | UAE | PHILIPPINES




**EDITORIAL BOARD**

***എഡിറ്റോറിയൽ ബോർഡ്***

*പ്രസിഡന്റ്*
യൂഹാനോൻ മാർ പോളികാർപ്പോസ്
മെത്രാപ്പോലീത്ത

*കേന്ദ്ര വൈസ് പ്രസിഡന്റ്*
ഫാ. മാത്യൂസ് റ്റി. ജോൺ

*കേന്ദ്ര ജനറൽ സെക്രട്ടറി*
ഫാ. പി. വൈ. ജെസൻ

*കേന്ദ്ര ട്രഷറാർ*
പ്രിനു റ്റി. മാത്യൂസ്

*ചീഫ് എഡിറ്റർ*
ജോജി. പി. തോമസ്, പീടിയേക്കൽ

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് ജോർജ്ജ്

*ബോർഡ് അംഗങ്ങൾ*
പ്രസാദ് ഏബ്രഹാം, നെൽപുരമാളിക്കയിൽ
ജെറിൻ ജേക്കബ് കോശി

**ഓർത്തഡോക്സ് യുവജനം**
**മാസികയുടെ വരിക്കാരാകുവാൻ**

| | | |
|---|---|---|
| ഒരു വർഷം | - | 100 രൂപ |
| രണ്ട് വർഷം | - | 200 രൂപ |
| അഞ്ച് വർഷം | - | 400 രൂപ |

**പരസ്യ നിരക്ക്**

| | | |
|---|---|---|
| Back Cover | - | 15,000. 00 |
| Front Inner | - | 10000. 00 |
| Back Inner | - | 8000. 00 |
| Full Page Inner | - | 2500. 00 |
| Half Page Inner | - | 1500. 00 |

*Layout, Design & Printing*
Peediakkal, Thiruvalla
94958 37117, 94479 00996

# ഓർത്തഡോക്സ് യുവജനം

**മലങ്കര ഓർത്തഡോക്സ്**
**യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം**
**വാല്യം : 7 ലക്കം : 28 ആഗസ്റ്റ് 2015**

## ഉൾത്തുടിപ്പുകൾ

**വിശുദ്ധ ദൈവമാതാവും മദ്ധ്യസ്ഥചിന്തയും**
**യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത**

**ഭൗമ പറുദീസ്സാ**
**ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ**

**അഭിവന്ദ്യ അലക്സിയോസ് മാർ**
**തേവോദോസ്യോസ് പുണ്യപിതാവ്**
**ഫാ. മാത്യൂസ് ജോൺ മനയിൽ**

**എഴുന്നേറ്റ് പ്രകാശിക്കുക**
**ഫാ. ഡോ. തോംസൺ റോബി**

**യുവജനങ്ങൾ വെല്ലുവിളികൾ ഏറ്റെടുക്കണം**
**പ്രിനു ടി. മാത്യൂസ്**

The Indian Youth Salutes Kalam;
formulate approaches out of his.
Fr. Yuhanon John

**മാർ തേവോദോസിയോസ് തിരുമേനി**
**ഓർത്തഡോക്സിയുടെ കാവൽഭടൻ**
**ഫാ. ബെഞ്ചമിൻ** OIC

**പഴയനിയമം ഉപയോഗിക്കുന്നത് എന്തിന്?**
**ഫാ. യൂഹാനോൻ**

**വിലാസം**
**ഓർത്തഡോക്സ് യുവജനം**
***സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ***
***പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം - 1***
***ഫോൺ : 04812583997***
website : www.ocymonline.org
e.mail : indianocym@gmail.com
fb group : www.facebook.com/groups/yuvajanam



## പ്രസിഡന്റിൽ നിന്നും

# സ്വാതന്ത്ര്യദിന ചിന്തകൾ

**ഓ**ഗസ്റ്റ് 15, മൂന്ന് തരത്തിൽ സ്വാതന്ത്ര്യദിന ചിന്ത നമുക്ക് നൽകുന്നു. ഒന്ന്, പാപത്തിന്റെ അടിമത്തത്തിൽ വീണുപോയ ഒന്നാം ഹവ്വായുടെ അശ്രദ്ധ മൂലം വന്നുപോയ വീഴ്ച-രണ്ടാം ഹവ്വായാകുന്ന ദൈവമാതാവ് നമ്മിൽ ഒരാളെപ്പോലെ ജനിക്കുകയും, എന്നാൽ നമ്മിൽ നിന്ന് വ്യത്യസ്ഥമായി ദൈവീക കല്പന ഏറ്റു പഠിച്ച് അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ലോകത്തിന്റെ പാപത്തെ പരിഹരിച്ച ദൈവത്തിന്റെ കുഞ്ഞാടിനെ ഉദരത്തിൽ വഹിക്കുകയും, ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തതിന്റെ ഓർമ്മ ദിനമാണല്ലോ 'വാങ്ങിപ്പ് പെരുന്നാൾ'. ലോകത്തിന്റെ പാപത്തിൽ നിന്നുള്ള വിടുതൽ, പൈശാചിക ശക്തിയിൽ നിന്നുള്ള സ്വാതന്ത്രമാണ്. രണ്ട്, നമ്മുടെ രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം അനേക വർഷങ്ങൾ വിദേശാധിപത്യത്തിന് അമർന്ന് ജീവിച്ച്, ഗാന്ധിജി മുതലായ അനുഗ്രഹീത വ്യക്തികളുടെ പ്രയത്നവും കഷ്ടപ്പാടും മൂലം ഭാരതത്തിന് ലഭിച്ച സ്വാതന്ത്ര്യം. മൂന്ന്, സ്വതന്ത്രമായ തലവൻ ഇല്ലാതിരുന്ന മലങ്കര സഭയ്ക്ക് സ്വതന്ത്രമായ സ്വയം ശീർഷകമുള്ള, വിദേശമേൽക്കോയ്മയ്ക്ക് അടിമപ്പെടാത്ത ഒരു സ്വതന്ത്ര സഭയാകുവാൻ കാതോലിക്കേറ്റ് നമ്മുടെ ഭാരതത്തിൽ പ്രതിഷ്ഠിച്ച ശ്രേഷ്ഠനും, പരിശുദ്ധനുമായ അബ്ദേദ് മശിഹാ പാത്രിയാർക്കീസിന്റെ ഓർമ്മ ദിനമാണ്.

സ്വാതന്ത്ര്യമെന്നാൽ അപരന്റെ സ്വാതന്ത്ര്യം കെടുത്തുന്നതല്ല. അങ്ങനെ ചെയ്യുന്നത് ഭീകര പ്രവർത്തനമാണ്. ഭീകരരും അവർ ചെയ്യുന്നത്, സ്വാതന്ത്ര്യത്തിനുവേണ്ടിയാണെന്ന് പറയും. പക്ഷേ, സത്യത്തിൽ നിന്ന് എത്രയോ കാതം അകലെയാണ് ഈ ചിന്ത. സ്വാതന്ത്ര്യം എന്ന് പറഞ്ഞാൽ അപരന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുവാനോ, അപരന് മാനഹാനി വരുത്തുവാനോ ഉദ്ദേശിക്കുന്നതല്ല. സർവ്വർക്കും സ്വതന്ത്രമായി, സ്വച്ഛമായി ജീവിക്കുവാൻ കഴിഞ്ഞാൽ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം നമ്മിൽ ഉണ്ടാവൂ. വ്യക്തിപരമായി തെറ്റിലേക്ക് വീഴുന്നതും, ലഹരിക്ക് അടിപ്പെടുന്നതും, ലഹരി പോലെ ഉപേക്ഷിക്കേണ്ട നവമാധ്യമങ്ങളോടുള്ള ആസക്തിയും, സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണ്. വ്യക്തി തനിയെ ഈ വിധ പടുകുഴികളിൽ ചെന്ന് പതിക്കുമ്പോൾ ആ വ്യക്തി മാത്രമല്ല, വ്യക്തിയോട് ബന്ധപ്പെട്ടിട്ടുള്ളവരും, സ്നേഹം പങ്കിട്ടിട്ടുള്ളവരും, സമൂഹവും, നിരപരാധികളും ഇവർ വരുത്തി വയ്ക്കുന്ന വിനകൾക്ക് ഇരകളായി തീരുന്നു. പ്രകൃതിയോട് കാണിക്കുന്ന അനീതിയും യഥാർത്ഥ സ്വാതന്ത്ര്യത്തിന് ഹാനികരമാണ്.

ആകയാൽ എന്റെ പ്രിയപ്പെട്ട സഹോദരങ്ങളും ആത്മീയ മക്കളുമായ യുവ പ്രവർത്തകരെ, നിങ്ങൾ ദൈവത്തിന്റെ വിളികേട്ട്, ആ ശബ്ദം ശ്രവിച്ച്, പരിശുദ്ധാത്മാവ് നയിക്കുന്ന പ്രവർത്തകരും, സമൂഹത്തിന് നന്മ ചെയ്യുന്നവരും, യാതൊരർത്ഥത്തിലും എന്ന് പറഞ്ഞാൽ, വാക്കിലും പ്രവർത്തിയിലും പോലും സഭയുടെ കൊമ്പ് താണുപോകുവാൻ തക്കവണ്ണം പ്രവർത്തിക്കാത്തവരും, അതിനുപകരം സഭയുടെ കൊമ്പ് ഉയരുന്നതിന് പ്രവർത്തിക്കുന്നവരും, പരിശുദ്ധ ത്രിത്വത്തിന്റെ നാമം മഹത്വപ്പെടുത്തുന്നതിന് പ്രവർത്തിക്കുന്നവരും, നിസ്വാർത്ഥമതികളുമായി തീരുവാൻ ദൈവം ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

ദൈവം അനുഗ്രഹിക്കട്ടെ,

***യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത***



# ജനറൽ സെക്രട്ടറിയുടെ കത്ത്.....

പ്രിയപ്പെട്ട വൈദികരെ, പ്രസ്ഥാനം പ്രവർത്തകരെ,

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 79-ാം വാർഷിക സമ്മേളനം കോട്ടയം ഭദ്രാസനത്തിന്റെ ആതിഥേയത്തിൽ അനുഗ്രഹകരമായി നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. അതിനുവേണ്ടി കഷ്ടപ്പെട്ട കോട്ടയം ഭദ്രാസനത്തിലെ പ്രിയപ്പെട്ട യുവജനപ്രസ്ഥാനം നേതൃത്വത്തിനും പ്രവർത്തകർക്കും പ്രസ്ഥാനത്തിന്റെ കേന്ദ്ര കമ്മറ്റിയുടെ നാമത്തിലുള്ള നന്ദി അറിയിക്കട്ടെ. സ്ഥലവും സൗകര്യങ്ങളും ഒരുക്കിത്തന്ന പാമ്പാടി മാർ കുറിയാക്കോസ് ദയറാ മാനേജർ മാത്യൂസ് കെ. ജോണച്ചനും സി. ഒ. വർഗീസ് അച്ചനും സ്നേഹാദരവുകൾ.

നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ സ്നേഹസാഹോദര്യ ജ്വാലയായ് നമുക്കും അഭിമാനപൂർവ്വം അണിനിരക്കാം. ആഗസ്റ്റ് 23 മുതൽ 30 വരെ ഓണവാരം യുവജനവാരമായി വീണ്ടും നാം ആഘോഷിക്കുകയാണല്ലോ. യുവജന വാരത്തിൽ വൈവിധ്യമാർന്ന പരിപാടികളുമായി യൂണിറ്റുകൾ മുന്നേറണമേ. നമ്മുടെ യുവജനവാരത്തിൽ കുറേവർഷങ്ങൾക്കു മുൻപ് എല്ലാ യൂണിറ്റുകളേയും ബന്ധിപ്പിച്ച് കവർ പിരിവ് നടത്തുന്ന പതിവുണ്ടായിരുന്നു. എന്നാൽ ഏതാനം വർഷങ്ങളായി അത് ക്രമീകരിക്കുന്നതിന് സാധിച്ചിരുന്നില്ല. എല്ലാ യൂണിറ്റുകളേയും പങ്കെടുപ്പിച്ചുകൊണ്ട് ഈ വർഷം കവർ പിരിവ് ക്രമീകരിക്കുകയാണ്. പ്രിയപ്പെട്ട വൈദീകരുടെയും യൂണിറ്റുപ്രവർത്തകരുടെയും പൂർണ്ണമായ സഹകരണം ഉണ്ടാകണമേ.

പ്രിയ പ്രവർത്തകരെ,

സഭയുടെ കേസിന്റെ ചരിത്രത്തിൽ ഇക്കാലമത്രയും ഉണ്ടാകാതിരുന്ന സംഭവമാണ് കഴിഞ്ഞദിവസം നാം കണ്ടത്. ചേലക്കര സെന്റ് ജോർജ്ജ് ഇടവകയുടെ വികാരിയും 32 പേരടങ്ങുന്ന സംഘവും 4 ദിവസങ്ങൾ തടവറയ്ക്കുള്ളിൽ കഴിയേണ്ട സാഹചര്യം ഏറ്റവും അപലപനീയമാണ്. രാഷ്ട്രീയ നേതൃത്വത്തിന്റെ ഇത്തരം കുൽസിത നീക്കങ്ങൾ എന്നും പ്രതിഷേധാർഹമാണ്. ബഹു. കെ.പി. ഐസക് അച്ചനോടും പ്രിയപ്പെട്ട ചേലക്കര ഇടവകയോടും ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ഐക്യദാർഢ്യമറിയിക്കുന്നു.

ഓണാശംസകളോടെ,

**ഫാ. പി. വൈ. ജെസ്സൻ**
ജനറൽ സെക്രട്ടറി



# എഡിറ്റോറിയൽ



**ഓ**ഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആയിരകണക്കിന് വിശ്വാസികൾ പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് പ്രാർത്ഥിക്കുന്ന കാലമാണ്. മാതാവിനെപ്പോലെ കഷ്ടത സഹിച്ച മറ്റൊരാൾ ഇല്ല. മാതാവിനെപ്പോലെ താഴ്മയുള്ളവളും വിശുദ്ധിയുള്ളവളും ഭാഗ്യവതിയുമായി മറ്റാരും ഉണ്ടായിട്ടുമില്ല. ദൈവമാതാവ് ലോകത്തിന്റെയും സഭയുടേയും മാതാവാണ്. ആദ്യകാലം മുതൽ പിതാക്കന്മാർ മാതാവിന് ഉന്നത സ്ഥാനമാനങ്ങളാണ് നൽകിയത്.

സമവീക്ഷണ സുവിശേഷങ്ങളിലെ ഒരു പ്രധാന വേദഭാഗമാണ്, യേശുവിന്റെ മാതാവും സഹോദരന്മാരും യേശുവിനെ കാണുവാൻ ആഗ്രഹിച്ച് കാത്തുനില്ക്കുന്നു എന്ന ഭാഗം. (മത്തായി 12:46, മർക്കോസ് 3:35, ലൂക്കോസ് 8:19) സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനും, ദൈവവചനം കേട്ട് ചെയ്യുന്നവനുമാണ് യേശുകർത്താവിന് അമ്മയും സഹോദരങ്ങളും. കർത്താവ് പഠിപ്പിക്കുന്ന ഒരു വലിയ യാഥാർത്ഥ്യമാണ് "Physical motherhood and relationship is subordinate to spiritual relationship' യേശുകർത്താവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനം രക്തബന്ധമല്ല, മറിച്ച് ദൈവകല്പനകളെ ആദരിച്ച് അനുഷ്ഠിച്ച് ദൈവത്തിന് സമർപ്പിച്ച് ജീവിക്കുന്നതിലൂടെയാണ് ദൈവവുമായുള്ള ബന്ധത്തിന്റെ യോഗ്യതയും മാനദണ്ഡവും നാം കാണുന്നത്. രക്തബന്ധവും കുലീനത്വവുമല്ല, ദൈവവചനം അനുഷ്ഠിച്ച് പ്രവർത്തിക്കുകയാണ് ദൈവവുമായുള്ള ബന്ധത്തിന്റെയും ഭാഗ്യാവസ്ഥയുടേയും മാനദഡം. വിശുദ്ധമറിയാമിന്റെ മഹത്വവും ശ്രേഷ്ഠതയും ദൈവമാതാവ് എന്നതിലുപരി ദൈവവചനംകേട്ട് പഠിച്ച് സമർപ്പണത്തോടും വിനയത്തോടും വിശുദ്ധിയോടുംകൂടി ജീവിച്ചു എന്നതിലാണ്.

സ്വാഭാവിക കുടുംബത്തേക്കാളും കുടുംബബന്ധത്തേക്കാളും ദൈവഹിതം നിറവേറ്റുന്നവരുടെ കുടുംബമായ യുഗാന്ത്യ കുടുംബത്തിനാണ് യേശു പ്രാധാന്യം നൽകുന്നത്. ദൈവഹിതം പൂർണ്ണമായി നിറവേററുന്നവരുടെ സമൂഹമാണ് ദൈവരാജ്യം. അവിടെ രക്തബന്ധത്തിന് സ്ഥാനമില്ല. ദൈവഹിതവും ദൈവകല്പനയും ആചരിച്ച് അനുഷ്ഠിക്കുന്നവർക്കും അതനുസരിച്ച് ജീവിക്കുന്നവർക്കുമാണ് പ്രാധാന്യം. ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന രക്ഷാപദ്ധതിക്ക് രക്തബന്ധങ്ങൾ യാതൊരു ഉറപ്പും നൽകുന്നില്ല. ആദ്യനൂറ്റാണ്ടിലെ വിശ്വാസികളും ക്രിസ്തുശിഷ്യന്മാരും കർത്താവിനുവേണ്ടി സ്വാഭാവിക രക്തബന്ധങ്ങളെയും ലോകബന്ധങ്ങളെയും നിരാകരിച്ചവരും തിരസ്കരിച്ചവരുമാണ്. അവർ യേശുകർത്താവിന് മാതാക്കളും സഹോദരങ്ങളുമായിത്തീർന്നു. കർത്താവ് അരുളിച്ചെയ്തു "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടി പകെക്കാതിരിക്കുന്നവന് എന്റെ ശിക്ഷ്യനായിരിപ്പാൻ കഴിയുകയില്ല (വി.ലൂക്കോസ് 14.26)

സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ആചരിച്ച്, ദൈവകല്പനകളെ അനുഷ്ഠിച്ച് നമുക്കും കർത്താവിന്റെ അമ്മയും സഹോദരനും സഹോദരിയുമായി നല്ല ദൈവമക്കളായി ദൈവകുടുംബത്തിന്റെ ഭാഗമായിത്തീരുവാൻ പ്രവർത്തിക്കാം, പ്രാർത്ഥിക്കാം.

വിശുദ്ധ ദൈവമാതാവിന്റെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയും അഭയവും ആകട്ടെ.

സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഐശ്വര്യത്തിന്റെയും ഓണാശംസകൾ പ്രിയ വായനകാർക്ക് നേർന്നുകൊള്ളുന്നു.

***ജോജി പി. തോമസ് പീടിയേക്കൽ***
*(ചീഫ് എഡിറ്റർ)*



# വിശുദ്ധ ദൈവമാതാവും മദ്ധ്യസ്ഥ ചിന്തയും

യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത

ഓർത്തഡോക്സ് സഭകളിൽ എവിടെ പോയാലും അദൃശ്യലോകത്തിലെ സഭയിൽ പെട്ടവരുമായുള്ള സംസർഗ്ഗം അനുഭവവേദ്യമാണ്. വി.കുർബ്ബാനയിൽ സംബന്ധിക്കുമ്പോഴും കനോനിക പ്രാർത്ഥനകളിൽ പങ്കെടുക്കുമ്പോഴും സ്വർഗ്ഗവും, ഭൂമിയും അവയിലുള്ള സകലവും (അതായത് സർവ അണ്ഡ കടാഹങ്ങളും) ചേർന്നുള്ള വലിയൊരു സമൂഹത്തിന്റെ അംഗങ്ങൾ എന്നുള്ള നിലയിൽ ദൈവത്തെ ആരാധിപ്പാനും അദൃശസഭയിൽപെട്ടവർ നമുക്കുവേണ്ടിയും നാം അവർക്കു വേണ്ടിയും പ്രാർത്ഥിക്കുവാനും ഉള്ള അവസരമാണ് ലഭിക്കുക, അങ്ങനെ സഭ വിശ്വസിക്കുവാൻ കാരണം നമ്മുടെ കർത്താവിന്റെ വചനങ്ങളാണ്. വി.യോഹ 11:25, 26 ൽ ലാസറിനെ ഉയർപ്പിക്കുന്നതിനുമുമ്പേ ലാസറിന്റെ സഹോദരിയായ മാർത്തയോട് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും, ജീവിച്ചിരുന്ന എന്നിൽ വിശ്വസിക്കുന്ന ആരും ഒരുനാളും മരിക്കുകയില്ല'. ഇതിലൂടെ ശാരീരികമായ വേർപാട് ഒരു വിശ്വാസിക്ക് ദൈവത്തിൽ നിന്ന് അകലുകയല്ലാ കൂടുതൽ അടുക്കുകയാണ് ചെയ്യുന്നത് എന്ന് മനസ്സിലാക്കുവാൻ കഴിയും. അതുകൊണ്ട്തന്നെ സഭ പഠിപ്പിക്കുന്നു, സഭയുടെ ഒരു ചെറിയകൂട്ടം എവിടെ കൂടിയാലും അവിടെയെല്ലാം ശരീരത്തോടുകൂടിയ വിശ്വാസികളും, അദൃശ്യസഭയിൽ ഉള്ളവരും, പരിശുദ്ധമാലാഖമാരും, പരിശുദ്ധ ത്രിത്വത്തെ ഒന്നായി സ്തുതിക്കുന്നു എന്ന്.

ദൈവമാതാവ് എല്ലാവരിലും ശ്രേഷ്ഠയാണ്. അതുകൊണ്ടുതന്നെ അമ്മയുടെ മദ്ധ്യസ്ഥതക്ക് വളരെ ഫലം ചെയ്യുന്നു. വി.യാക്കോബ് തന്റെ ലേഖനത്തിൽ രേഖപ്പെടുന്നു (5-ാം അദ്ധ്യായം 16-ാം വാക്യം) "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" അതിനുശേഷം വീണ്ടും 17, 18 വാക്യത്തിൽ പറയുന്നു; എലിയാവ് പ്രാർത്ഥിച്ചപ്പോൾ മഴ പെയ്യാതെ ആകാശം അടഞ്ഞതിനെക്കുറിച്ചും, വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തുനിന്ന് മഴ പെയ്ത് ഭൂമിയിൽ ധാന്യം വിളഞ്ഞതിനെക്കുറിച്ചും. എലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു എന്നും ദൈവത്തോട് പ്രാർത്ഥിച്ചപ്പോൾ അതിനുഫലം ലഭിച്ചു എന്നും യാക്കോബ് രേഖപ്പെടുത്തുന്നു. വി.മർക്കോസിന്റെ സുവിശേഷത്തിൽ നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു, 3-ാം അദ്ധ്യായം 35-ാം വാക്യത്തിൽ, "എന്തെന്നാൽ ദൈവ ഇഷ്ടം ആചരിക്കുന്നവനാകുന്നു എന്റെ സഹോദരനും, സഹോദരിയും, മാതാവും എന്ന്". മാതാവിനെ പോലെ ദൈവഇഷ്ടം ശ്രദ്ധയോട് കേട്ട് ഉള്ളിൽ സംഗ്രഹിച്ച് ഫലം പുറപ്പെടുവിച്ച വേറെ ഒരാൾ മനുഷ്യചരിത്രത്തിൽ ഇല്ല. അതുകൊണ്ടുതന്നെ നമ്മുടെ കർത്താവിനെ പെറ്റഅമ്മയുടെ മദ്ധ്യസ്ഥതക്ക് ഫലം ലഭിക്കുന്നു. പരിശുദ്ധ പൗലോസ് ശ്ലീഹാ എഴുതുന്ന പ്രകാരം എല്ലാവരുടെയും പ്രാർത്ഥനയ്ക്ക് ഫലമുണ്ട്. അതുകൊണ്ടാണ് കൊലൊസ്സ്യർക്ക് (4: 3, 4) എഴുതുന്നത്, 'വചനം വേണ്ടവണ്ണം സംസാരിക്കുവാൻ തക്കവണ്ണം നിങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ' എന്ന്. ഈ അപേക്ഷയുടെ ചുവട് പിടിച്ചാണ് വി.കുർബ്ബാനയുടെ അവസാനത്തിൽ കാർമ്മിൻ പറയുന്നത് 'നിങ്ങൾ സമാധാനത്താലെ പോകുവിൻ, എന്നേക്കും എനിക്ക്വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവിൻ എന്ന്'. എല്ലാവരുടെയും പ്രാർത്ഥനയ്ക്ക് ഫലം ഉണ്ട്, കൂടുതൽ ദൈവത്തോട് അടുത്തവരുടെ പ്രാർത്ഥനയ്ക്ക് കൂടുതൽ ഫലം

ഉണ്ട് എന്നുവേണം മുൻപ് പറഞ്ഞ വി.യാക്കോബിന്റെ വാക്കുകളിലൂടെ മനസ്സിലാക്കുവാൻ. ശാരീരികമായി വേർപ്പെട്ടവരും, ശരീരത്തിൽ ഇരിക്കുന്നവരും പരിശുദ്ധ സഭയിലെ അംഗങ്ങളാകയാൽ അന്യോന്യം പ്രാർത്ഥിക്കുവാൻ കഴിയും.

ഒന്നാം ഹവ്വാ വരുത്തിവച്ച കടവും, കുറവും രണ്ടാം ഹവ്വാ വഴിയാണ് പരിഹരിക്കപ്പെടുന്നത്. ഒന്നാം ഹവ്വാ തന്റെ സ്രഷ്ടാവിന്റെ വചനവും, ഉപദേശവും, സ്നേഹവും സ്വീകരിച്ചിരുന്നു എങ്കിലും രണ്ടാം വേദക്കാരനായ പിശാചിന്റെ ആഗമനത്തോടെ, അവന്റെ പ്രലോഭനത്തിൽ അകപ്പെട്ട് തന്റെ സ്രഷ്ടാവിനെ മറക്കുകയും തന്റെ സ്രഷ്ടാവിന്റെ സ്നേഹത്തിനും, വചനത്തിനും പകരമായി പിശാചിന്റെ വചനങ്ങൾക്ക് മുൻതൂക്കം കല്പിക്കുകയും ചെയ്യുന്നു. വിത്തുവിതക്കാരന്റെ ഉപമയിൽ നമ്മുടെ കർത്താവ് പഠിപ്പിക്കുമ്പോൾ മുള്ളുകളുടെ ഇടയിൽ വിത്ത് വിതയ്ക്കപ്പെട്ടതിന്റെ അവസ്ഥയാണ് ഇങ്ങനെയുള്ളവർക്ക്. സാമ്പത്തിക ലാഭത്തിനും വ്യക്തിസുഖത്തിനും ദൈവത്തിന്റെ വചനങ്ങളെ കോട്ടി മാട്ടി വളയ്ക്കുന്നവരെ ഇന്നും നമുക്ക് കണ്ടെത്തുവാൻ കഴിയും. അവരുടെ പ്രലോഭനങ്ങൾക്ക് പുറമെ സഭയും, ക്രിസ്തുജനവും പോകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രണ്ടാം ഹവ്വാ വഴിയായി നമ്മുടെ കർത്താവ് ഭൂമിയിലേക്ക് അവതരിക്കുകയും ലോകത്തിന്റെ പാപവും, കടവും പരിഹരിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ നമ്മുടെ കർത്താവാണ് ലോകത്തിന്റെ പാപത്തെ പരിഹരിക്കുന്നവനും നമ്മുടെ വീണ്ടെടുപ്പുകാരനും. കർത്താവിനെ പെറ്റഅമ്മയെ ഓർക്കുകയും, മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുമ്പോൾ ഈ ചിന്ത നമ്മെ വിട്ടുപോകാൻ ഇടവരരുത്. കാനാവിലെ കല്യാണത്തിന് പച്ച വെള്ളത്തെ വീഞ്ഞാക്കിയ നമ്മുടെ കർത്താവ് തന്നെ പെറ്റവളുടെ മദ്ധ്യസ്ഥതക്ക് പ്രാധാന്യം കൊടുക്കുന്നു. അതുകൊണ്ടുതന്നെ അമ്മയുടെ മദ്ധ്യസ്ഥ നമുക്ക് കൂട്ടും, കോട്ടയും, കാവലുമാണ്. ആ വിശുദ്ധ അമ്മ നമ്മോട് കല്പിക്കുന്നു, 'അവൻ നിങ്ങളോട് വല്ലതും പറഞ്ഞാൽ അതു ചെയ്‌വിൻ' എന്ന്. കാനാവിലെ കല്യാണത്തിന് വേലക്കാരോട് അമ്മ പറഞ്ഞതാണ്. ഇത് നമുക്കും അന്വർത്ഥവും, പാഠവും, നമ്മുടെ പഠിപ്പിക്കലുമായിരിക്കണം.നമ്മുടെ കർത്താവിന് നൽകേണ്ടുന്ന സ്ഥാനം കർത്താവിനെ പെറ്റഅമ്മയ്ക്കോ, മറ്റുവിശുദ്ധന്മാർക്കോ കൊടുപ്പാൻ സഭ പഠിപ്പിക്കുന്നില്ല എന്നും നാം ഓർക്കുകയും അറിയുകയും വേണം. നമ്മുടെ കർത്താവിനെ പെറ്റഅമ്മയുടെ മദ്ധ്യസ്ഥതമൂലം നമ്മുടെ കർത്താവ് നമുക്ക് അനുഗ്രഹങ്ങളും, കൃപയും, പരിശുദ്ധാത്മാവിന്റെ നടത്തിപ്പുമൂലം നേർവഴിയും നൽകുമാറാകട്ടെ.

# ആദിവാസി വനമേഖലയിൽ സഹായവുമായി നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനം



എരുമേലി : നിലയ്ക്കൽ പ്ലാപ്പള്ളി വനത്തിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് സഹായവുമായി നിലയ്ക്കൽ ഭദ്രാസന യുവജന പ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനിയുടെ നേതൃത്വത്തിൽ വനത്തിനുള്ളിൽ 28 ആദിവസി കുടിലുകളിൽ സന്ദർശനം നടത്തി. വസ്ത്രവും, പലചരക്ക് സാധനങ്ങളും, ഭക്ഷണവിഭവങ്ങളും വിതരണം ചെയ്തു. മഴക്കാലങ്ങളിൽ കെടുതി അനുഭവിക്കുന്ന അവരുടെ പരിതാപകരമായ അവസ്ഥ നേരിട്ടു മനസ്സിലാക്കി തുടർന്നും സഹായമെത്തിക്കുവാൻ ട്രൈബൻ സർവ്വീസ് കോർഡിനേറ്റേഴ്സ് മിന്റ മറിയം, ഷിജോയി ജോൺ എന്നിവരെ ചുമതലപ്പെടുത്തി. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. യൂഹാനോൻ ജോൺ, ആക്ടിംഗ് സെക്രട്ടറി അനു വറുഗീസ്, സൂസൻ ജേക്കബ്, അഡ്വ. നോബിൻ അലക്സ്, അഡ്വ.ബോബി കാക്കാനപ്പള്ളിൽ, അനുജ ബെന്നി എന്നിവർ പ്രവർത്തനങ്ങൾ നേതൃത്വം നൽകി.





# ഭൗമ പറുദീസ്സാ



**ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ**

*(കൽക്കട്ട ഭദ്രാസനം)*

### പറുദീസ്സാ സൂചിപ്പിക്കുന്ന അർത്ഥം

പറുദീസ്സാ സൂചിപ്പിക്കുന്ന അർത്ഥം സുഖ സൗകര്യങ്ങളുടെ ആനന്ദസങ്കേതമെന്നാണ്. എന്നാൽ അനുഭവതലത്തിൽ, പക്വവും ഋജ്ജുവും, ഗുണപരവും ആയ ദൈവീക ബന്ധങ്ങളുടെ ആവിഷ്കാരമാണ് പറുദീസാ. ദർശനങ്ങളും വീക്ഷണങ്ങളും അവകളിൽ നിന്നുരിത്തിരിയുന്ന മൊഴികളും കർമ്മങ്ങളുമാണ് ഒരുവന്റെ ചുറ്റുപാടിനെ പറുദീസയോ നരകമോ ആക്കിത്തീർക്കുന്നത്. അവിടെ സ്രോതസ്സുകളുടെ സമ്പന്നതയല്ല, ദൈവേഷ്ടത്തിന്റെ പ്രയോഗവൽക്കരണവും ജീവിതബന്ധങ്ങളുടെ താളാത്മകതയുമാണ് പ്രധാനം. ദൈവേഷ്ടത്തിന്റെ ആഘോഷവും, ബന്ധങ്ങളുടെ സജീവത്വവും താളാത്മകതയും നിറഞ്ഞുനിന്ന ഏദൻതോട്ടമായിരുന്നു ദൈവം സൃഷ്ടിച്ച് വിഭാവനം ചെയ്ത ആദ്യത്തെ പറുദീസാ മാതൃക. ദൈവേഷ്ട ലംഘനവും ബന്ധങ്ങളിലുണ്ടായ സ്വാർത്ഥവൽക്കരണവും പറുദീസാ നഷ്ടത്തിൽ കലാശിച്ചു. നിന്റെ രാജ്യം വരണമെ, തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ എന്ന് കർത്തൃപ്രാർത്ഥനയിൽ നാം ചൊല്ലുമ്പോൾ, ഈ ഭൂമിയിൽ പറുദീസാ സംസ്ഥാപിക്കുവാനുള്ള പദ്ധതിയോട് ചേർന്ന് പ്രവർത്തിപ്പാനുള്ള നമ്മുടെ പ്രതിബദ്ധതയും സന്നദ്ധതയും വെളിവാക്കുകയാണ് ഒരുക്രിസ്തീയപൈതലിന്റെ വിളിയും കടമയും ഈ ദിശയിലേക്കാണ്. ഇത് മനസ്സിലാക്കിതനിക്ക് ലഭിച്ചിരിക്കുന്ന ചുറ്റുപാടിലും, സാദ്ധ്യതകളിലും പരിമിതികളിലും ആത്മാർത്ഥമായി പ്രവർത്തിക്കുന്നവനാണ് ദൈവമനുഷ്യൻ. യേശുതമ്പുരാൻ വിഭാവനംചെയ്ത് സമാധാനം, നീതി, സ്നേഹപൂരിതമായ പരസ്പരകരുതൽ, സമൃദ്ധമമായ ജീവൻ എന്നിവ നിറഞ്ഞ ഒരു ഭൗമസമൂഹത്തെയായിരുന്നു. ഇതാണ് ഭൗമപറുദീസാ അഥവാ ഭൂമിയിലെ ദൈവരാജ്യം. ഇതിന്റെ മുന്നാസ്വാദനവും ആവിഷ്കാരവും 23-ാം സങ്കീർത്തനത്തിൽ നിറഞ്ഞുനിൽക്കുന്നത് ധ്യാനപഠനത്തിനായി സമർപ്പിക്കുകയാണ്.

### പറുദീസ്സാ 23-ാം സങ്കീർത്തനത്തിൽ

ഏവർക്കും സുപരിചിതമാണ് 23-ാം സങ്കീർത്തനം, കാരണം ആദിയോടന്തം സമാശ്വാസപരവും, പറുദീസാ ജീവിതം നിഴലിക്കുന്നതും, പരിസ്ഥിതി ദൈവശാസ്ത്ര ചിന്തകൾ പേറുന്നതുമായ വാക്യങ്ങളാൽ സമ്പന്നമാണ് ഈ സങ്കീർത്തനം. ക്രൈസ്തവാദ്ധ്യാത്മികതയിലും ഇത്രമാത്രം സ്വാധീനം ചെലുത്തിയ മറ്റൊരു സങ്കീർത്തനമുണ്ടോ എന്ന് സംശയമാണ്. ഒരു പക്ഷേ ഈ കാരണങ്ങളാലായിരിക്കാം ആരാധനാക്രമങ്ങളിലും ഇതിന് അതുല്യസ്ഥാനം ലഭിക്കുന്നത്. പൗരസ്ത്യസഭകളിൽ വി. കുർബ്ബാനാനുഭവത്തിനുശേഷം സ്തോത്രഗാനമായി ഇതുപയോഗിക്കുന്നു. ബാല്യത്തിൽ ആട്ടിടയനായിരുന്ന ദാവീദ് രാജാവ് തന്റെ ജീവിതാനുഭവം സങ്കീർത്തനത്തിന്റെ പശ്ചാത്തലമാക്കിയിരിക്കുന്നു. എല്ലാം നൽകി കരുതി സ്നേഹിച്ച് താളാത്മബന്ധത്തിൽ സൃഷ്ടിയെ പോറ്റി നിലനിർത്തുന്ന ഇടയനായ ദൈവത്തിന്റെ ചിത്രം വളരെ മനോഹരമായി സങ്കീർത്തനത്തിലുടനീളം അവതരിപ്പിച്ചിരിക്കുന്നു. മൂന്നുധ്യാന ചിന്തകളാണ് പ്രധാനമായും പരാമർശിക്കുന്നത്.

### ഏദൻ പറുദീസായുടെ അനുഭവം

ഒന്നാമതായി, 23-ാം സങ്കീർത്തനത്തിൽ സ്പന്ദിക്കുന്നത് ദൈവവും, മനുഷ്യനും മറ്റു സൃഷ്ടിക്രമങ്ങളും ചേർന്ന ത്രിമാന ബന്ധത്തിൽ പരിലസിക്കുന്ന ഏദൻ പറുദീസായുടെ ജീവിതാനുഭവമാണ്. സുരക്ഷിതത്വം, നീതി, നിലനില്ക്കുന്ന ശാശ്വതത്വം (Security, Justice and Sustainability) എന്നീ മൂന്നു സ്രോതസ്സുകളും ആദ്ധ്യാത്മിയമൂല്യങ്ങളായ കൃതജ്ഞത/നന്ദി, ആശ്രയം, വിനയം, സംതൃപ്തി, നിർവ്യാജസ്നേഹം, സമാധാനം, വിശ്വാസം, പ്രത്യാശ ആദിയായ അടിസ്ഥാനങ്ങളുമാണ് ഈ ഭൗമപറുദീസായുടെ നിലനില്പിനാധാരം. എന്നാൽ ഈ ധാർമ്മികമൂല്യങ്ങളെല്ലാം ശോഷിച്ച് കേവലം ഭൗതികസുഖസൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന കപടസ്വർഗ്ഗങ്ങളും ഭൗതി

കപറുദീസ്സാകളും നമുക്കുചുറ്റും വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. ഇവിടെ കമ്പോള-മാഫിയാ സംസ്കാരങ്ങൾ അരങ്ങുതകർക്കുകയാണ്. നീതിയും, പരിസ്ഥിതി ബന്ധങ്ങളും സ്വാർത്ഥേച്ഛക്കായി ഹനിക്കപ്പെടുകയാണ്. ആത്മാർത്ഥതയും ഹൃദയനിർമ്മലതയും ഉപയോഗശൂന്യമായ വസ്തുക്കളായിത്തീർന്നിരിക്കുന്നു. പിശാച് അവന്റെ സാമ്രാജ്യം കെട്ടിപ്പടുക്കുവാൻ മനുഷ്യമനസ്സിലേക്ക് കടത്തിവിട്ട ആർത്തി (greed) അധീശത്വഭാവം (domination) ആന്തരീക ഭയം (internal fear) എന്നീ മൂന്ന് തിന്മകളാണ് (Vices) ഇതിന്റെ എല്ലാം അടിസ്ഥാനം. ആർത്തി ആർജ്ജന-ചൂഷണ-ഉപഭോഗസംസ്കാരമായും, അധീശത്വഭാവം സാമ്പത്തിക ആഗോളവൽക്കരണമായും ഭയം ഭീകരപ്രവർത്തനങ്ങളായും ഇന്ന് സമൂഹത്തിൽ പ്രത്യക്ഷപ്പെടുകയും നിലനിൽക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തിന്റെയും നമ്മുടെ ജീവിതത്തിന്റെയും ലൗകിക അർത്ഥം അറിഞ്ഞതുകൊണ്ട് മാത്രം 23-ാം സങ്കീർത്തനത്തിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന ഭൗമപറുദീസാ നമുക്കുണ്ടാക്കുവാൻ സാധിക്കില്ല. മറിച്ച് നമ്മുടെ ജീവന്റെ പരമമായ ലക്ഷ്യത്തെപ്പറ്റിയും ക്രിസ്തീയ ഉത്തരവാദിത്വമായ നിർവ്യാജനിസ്വാർത്ഥ സമർപ്പിത സ്നേഹത്തിന്റെ ആഗോളവൽക്കരണത്തെപ്പറ്റിയും ബോദ്ധ്യം ലഭിച്ചെങ്കിൽ മാത്രമേ ദൈവത്തോടും സമസ്രഷ്ടങ്ങളോടും ആത്മീയബന്ധം പുലർത്തുവാൻ നമുക്ക് കഴിയുകയുള്ളൂ.

### സൃഷ്ടിയെ കരുതി പരിപാലിക്കുന്ന ഇടയൻ

രണ്ടാമതായി, തന്റെ സൃഷ്ടിയെ കരുതി പരിപാലിക്കുന്ന ഇടയനെക്കുറിച്ചുള്ള ധ്യാനചിന്തകളാണ്. യഹോവ എന്റെ ഇടയനാകുന്നു, എനിക്ക് മുട്ടുണ്ടാകയില്ല എന്ന പ്രസ്താവനകളെല്ലാം തന്നെ ആഴമായ പ്രത്യാശയും ഉറപ്പും നിറഞ്ഞ വ്യക്തിപരമായ അനുഭവത്തിന്റെ പ്രതിഫലനമാണെങ്കിൽ പോലും യഹോവയായ ഇടയന് സൃഷ്ടിയിന്മേലുള്ള കരുതലിന്റെ മാനവികമായ ഒരു ദർശനവും ഇതിലുണ്ട്. കാരണം കേവലം വൈക്തികമായ പ്രസ്താവന എന്നതിലുപരി സർവ്വസൃഷ്ടിയുടേയും പ്രിതിനിധിയായ മനുഷ്യൻ ചെയ്യുന്ന പ്രസ്താവനയായി വിശാലമായ അർത്ഥത്തിൽ വേണം കാണുവാൻ. പച്ചയായ പുൽപ്പുറങ്ങളിലും സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്കും നടത്തി കരുതുന്ന ഇടയന്റെ ദർശനം തികച്ചും പരിസ്ഥിതി ആദ്ധ്യാത്മിയപരമാണ്. കലുഷിതമല്ലാത്തതും, ചൂഷണരഹിതവും, മലിനീകരണവിമുക്തവുമായ ഈ ഭൗമ പറുദീസ്സാ ദൈവിക പദ്ധതിയുടെ ഭാഗമാണ്. തുടർന്നുകൊണ്ടേയിരിക്കുന്ന സൃഷ്ടിയിന്മേലുള്ള ദൈവത്തിന്റെ കാണപ്പെടാവതല്ലാത്ത പൈതൃകമായ ഈ കരുതൽ സമഗ്രവും, ശക്തവും, ചലനാത്മകവും വ്യക്തിത്വത്തിന്റെ എല്ലാ ഘടകങ്ങളേയും ഉൾക്കൊള്ളുന്നതുമാണ്. കൂരിരുൾ താഴ്വരയിലും ശത്രുതാ മദ്ധ്യത്തിലും ശരീരത്തെ മാത്രമല്ല, പ്രാണനെക്കൂടി പരിപാലിക്കുന്ന ദൈവികകരുതൽ ധ്യാനിച്ച് ശരണപ്പെടുന്ന ദൈവപൈതലിന് ജീവിതത്തിൽ സമാധാനം ലഭിക്കും.

### സൃഷ്ടിക്ക് ആവശ്യമുള്ളവ സമൃദ്ധിയായി നൽകുന്ന ഇടയൻ

മൂന്നാമതായി, തന്റെ സൃഷ്ടിക്ക് ആവശ്യമായതെല്ലാം സമൃദ്ധിയായി നൽകുന്ന ഇടയനെക്കുറിച്ചുള്ള ധ്യാനചിന്തകളാണ്. അഞ്ചുകാര്യങ്ങളാണ് പ്രദാനം ചെയ്യുന്നത് നവചൈതന്യം, മാർഗ്ഗനിർദ്ദേശം, സുരക്ഷിതത്വം, പ്രത്യാശയുടെ അനുഭവം, പരിപൂർണ്ണ സംതൃപ്തി. ഈ ഭൗമജീവിതത്തിൽ ദിനവും നവചൈതന്യം തരുന്ന ദൈവം പ്രശ്നപൂരിതമായ സാഹചര്യങ്ങളിലും നടക്കുവാനും, കിടക്കുവാനും ആശ്വസിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു. (വാക്യം 2,3). സ്വസ്തതയുള്ള വെള്ളത്തിന്നരികിലേക്കും, നീതിപാതകളിലേക്കും നടക്കുവാനുള്ള മാർഗ്ഗനിർദ്ദേശം ദൈവം തന്നുകൊണ്ടെയിരിക്കും. (വാക്യം 3). ദൈവസാന്നിദ്ധ്യംമൂലമുള്ള സുരക്ഷിതത്വവും സംരക്ഷണവും ഏതു സാഹചര്യത്തിലും ദൈവം പ്രദാനം ചെയ്യുന്നു. (വാക്യം 4). ശത്രുക്കളുടെ മേലുള്ള ജയോത്സവം, സമൃദ്ധി, രോഗാവസ്ഥയിൽ എണ്ണ അഭിഷേകം ചെയ്ത് സൗഖ്യമാക്കൽ ഇതെല്ലാം പ്രത്യാശനൽകുന്ന അനുഭവങ്ങളാണ് (വാക്യം 5). യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിച്ച് ആരാധിക്കുന്ന ഒരു ദൈവപൈതലിന് ലഭിക്കുന്ന പരിപൂർണ്ണമായ ആത്മസംതൃപ്തിയുടെ അനുഭവതലങ്ങളാണ് 6-ാം വാക്യത്തിൽ സൂചിപ്പിക്കുന്നത്.


### ഉപസംഹാരം

ദൈവികമൂല്യങ്ങളിൽ ഉറച്ചുനിന്ന് ആത്മീയജീവിതം നയിക്കുന്നവർക്കു മാത്രമെ ഭൗമപറുദീസ പുനഃസ്ഥാപനം എന്ന ദൈവീകപദ്ധതിയുടെ പ്രഘോഷകരും അപ്പോസ്തോലന്മാരുമാവാൻ സാധിക്കുകയുള്ളൂ. പരിശുദ്ധ പൗലോസ് ശ്ലീഹായുടെ യുഗാന്ത്യചിന്തയിൽ മനുഷ്യൻ മാത്രമല്ല, മറ്റു സൃഷ്ടിക്രമങ്ങളും ഈ പദ്ധതി ലക്ഷ്യം പ്രാപിക്കാൻ പ്രതീക്ഷയോടും ഈറ്റുനോവോടും കഴിയുകയാണ് (റോമ. 8:19-22). ആ ലക്ഷ്യം പ്രാപ്യമായെങ്കിൽ മാത്രമെ ലോകത്തിൽ ആത്യന്തികമായ സമാധാനം സ്ഥാപിതമാകുകയുള്ളൂ.

ജീവിതരേഖ

# അഭിവന്ദ്യ അലക്സിയോസ് മാർ തേവോദോസ്യോസ് പുണ്യപിതാവ്

**പരി**.പരുമല തിരുമേനി ആരംഭിച്ച വിദേശമിഷൻ അതിന്റെ പൂർണ്ണ അർത്ഥത്തിൽ മലങ്കരസഭയിൽ ആരംഭിച്ച പുണ്യപിതാവാണ് അഭിവന്ദ്യ അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത. മലങ്കരസഭയുടെ അതിരുകൾ കേരളത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഒരു കാലഘട്ടത്തിൽ കുറ്റികളെ ഉറപ്പിച്ച് അതിരുകളെ വിശാലമാക്കിയ അതുല്ല്യനായ ഋഷിവര്യൻ. അദ്ദേഹത്തെ മലങ്കരസഭ വേണ്ടവിധം ആദരിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരേ സമയം മലങ്കര സഭയിൽ സന്യാസി പ്രസ്ഥാനം ശക്തീകരിക്കുകയും കേരളത്തിനു വെളിയിൽ ഇടവകകൾ സ്ഥാപിക്കുകയും, എക്യൂമെനിക്കൽ വേദികളിൽ മലങ്കരസഭയുടെ ശബ്ദം കേൾപ്പിക്കുകയും കൊല്ലം ഭദ്രാസനത്തെ ശക്തമാക്കുകയും ചെയ്ത ഭരണാധികാരി. ഇന്നത്തെ തലമുറയ്ക്ക് ഈ തിരുമേനിയെ – പുണ്യപിതാവിനെ പരിചയമുണ്ടാകുക സാദ്ധ്യതയില്ല.



**ജീവിതരേഖ**

മത്തായി കുഞ്ഞമ്മ ദമ്പതികൾക്ക് 1888 ആഗസ്റ്റ് 28 ന് ജനിച്ച ചാണ്ടികുഞ്ഞാണ് പിൽക്കാലത്ത് മലങ്കരയുടെ പുണ്യപിതാവായി ത്തീർന്ന സ്മര്യപുരുഷൻ. തനിക്ക് രണ്ട് വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് മാതാവിനെ നഷ്ടപ്പെട്ടതിനാൽ പിതൃസഹോദരഭാര്യയും ഇളയപ്പനായ മല്പാനച്ചനുമായിരുന്നു സംരക്ഷകർ. തിരുവല്ല എം.ജി.എം., കോട്ടയം എം.ഡി.സെമിനാരി, കോട്ടയം സി.എം.എസ് കോളേജ് എന്നിവിടങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കി പുലിക്കോട്ടിൽ തിരുമനസ്സിൽ നിന്ന് ശെമ്മാശുപ്പട്ടം സ്വീകരിച്ചു. 1915 ൽ കൽക്കട്ട ബാരിസോൾ ഡിവിനിറ്റി കോളേജിലും തുടർന്ന് സെറാംമ്പൂരിലും ദൈവശാസ്ത്രപഠനം നടത്തി. അവിടെ വച്ചാണ് ഫാ. പി. റ്റി. ഗീവർഗീസുമായി പരിചയപ്പെടുന്നത്. കണ്ടനാട് ഇടവകക്കാരുടെ പൗലോസ് മാർ ഈവാനിയോസിൽ നിന്ന് കശ്ശീശ്ശാസ്ഥാനം സ്വീകരിച്ചു. റാന്നിയിൽ ബഥനി ആശ്രമ സ്ഥാപനാർത്ഥം താമസം അവിടേക്കുമാറ്റി അവിടെ പ്രേഷിത വേല ചെയ്തു. 1938 ഏപ്രിൽ 7 ന് പരി. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ ഫാ. അലക്സിയോസിനെ മുളന്തുരുത്തി കർമ്മേൽ ദയറായിൽ വച്ച് കൊല്ലം ബാഹ്യകേരള ഭദ്രാസനങ്ങൾക്കുവേണ്ടി തേവോദോസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 27 വർഷത്തെ സംഭവ ബഹുലമായ പ്രവർത്തനങ്ങൾക്ക് വിരാമമിട്ടുകൊണ്ട് 1965 ഓഗസ്റ്റ് 6 ന് തന്റെ 77–ാം വയസ്സിൽ തന്റെ നാഥന്റെ അരികിലേക്ക് മാറ്റപ്പെട്ടു. അവസാനനാളുകൾ രോഗത്തിന്റെയും ശാരീരിക പീഢയുടെയും കാലങ്ങൾ ആയിരുന്നു.

**തികഞ്ഞ സന്യാസി**

സെറാംമ്പൂർ കോളേജിലെ പഠനകാലത്ത് ഫാ. പി. റ്റി. ഗീവറുഗീസുമായി ചേർന്ന് മലങ്കര സഭയിലെ ആത്മീയ നവോത്ഥാനത്തിന് ഒരു ആശ്രമപ്രസ്ഥാനം ആവശ്യമാണെന്ന് നിശ്ചയിക്കുകയും തിരികെ വന്ന് കൂട്ടായ പരിശ്രമം നടത്തുകയും ചെയ്തു. അപ്രകാരം നിരണ ത്തുനടത്തിയ പരിശ്രമത്തിന്റെ ഫലമായി ഇലഞ്ഞിക്കൽ ജോൺ വക്കീൽ റാന്നി–പെരുന്നാട് മുണ്ടൻമലയിൽ തന്റെ നൂറ് ഏക്കർ സ്ഥലം ദാനം ചെയ്തു. മാർ ഈവാനിയോസ് തന്നെ എഴുതിയിരിക്കുന്നത്. ശെമ്മാശ്ശൻ അവിടെ ചെന്ന് ആശ്രമത്തിനുള്ള സ്ഥാനം കണ്ടുപിടിച്ച് അവിടെയുള്ള കാടുമുഴുവൻ വെട്ടിനീക്കി കെട്ടിടങ്ങൾ സ്ഥാപിച്ചുകഴിയുമ്പോഴേക്കും നമുക്കും അവിടെ എത്തിച്ചേരാവുന്നതാണല്ലോ. അപ്പോഴാണ് നമുക്കൊരു വാതത്തിന്റെ ഉപദ്രവം തുടങ്ങിയത്. അധികം താമസിയാതെ ശെമ്മാശ്ശനെ കത്തനാരാക്കി നാം മുണ്ടൻ മലയിലേക്ക് വിടുകയും ചെയ്തു. അടിവാരത്തിൽ സത്രത്തിൽ താമസിച്ച് കഠിനാദ്ധ്വാനം ചെയ്ത് ആശ്രമം കെട്ടിയുണ്ടാക്കി കഴിഞ്ഞപ്പോൾ ഫാ.അലക്സിയോസ് കിടപ്പിലായി. ഇപ്രകാരം ത്യാഗം സഹിച്ച് താൻ കെട്ടിയുണ്ടാക്കിയ ആശ്രമവും അംഗങ്ങളുമായി റോമാസഭയിലേ

ക്ക് പോകുവാൻ മാർ ഈവാനിയോസ് ശ്രമിച്ചത്. ആ സമയം തികഞ്ഞ സന്യാസി എന്ന നിലയിൽ തന്റെ സുപ്പീരിയറിന്റെ ആഹ്വാനത്തോട് അനുസരണക്കേടു കാണിക്കുവാനുള്ള മടികൊണ്ടാണ് താൻ പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കാതെ മാറി നില്ക്കുകയായിരുന്നു.

**ഭരണാധികാരി**

1938 ഏപ്രിൽ 7 ന് കർമ്മേൽ ദയറായിൽ വച്ച് കൊല്ലം, ബാഹ്യകേരളം ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായി തന്നെ സഭ അഭിഷേകം ചെയ്തു. ഒരു വേദപുസ്തകം, ഒരു പ്രാർത്ഥനാ പുസ്തകം, ഒരു ഭരണഘടന ഇവ മൂന്നും കൈപ്പെട്ടിയിലാക്കിയാണ് ഭദ്രാസന ഭരണം ആരംഭിച്ചത്. കൊല്ലത്തെ പള്ളികൾ ഒട്ടുമുക്കാലും ഓലമേഞ്ഞവയും നാലുവശവും മറയ്ക്കാത്തവയുമായിരുന്നു. എല്ലാ ക്ലേശങ്ങളും സഹിച്ച് ഇടവകകൾ സന്ദർശിച്ച് ക്രമപ്പെടുത്തിയിരുന്നു. തെക്ക് കന്യാകുമാരി മുതൽ വടക്ക് മാവേലിക്കര വരെ താൻ കയറാത്ത മലയില്ല, കടക്കാത്ത കടവില്ല, തുഴയാത്ത പുഴയില്ല, അലയാത്ത ദിനമില്ല എന്നതായിരുന്നു രീതി.

ബാഹ്യകേരളത്തെ ഒരുമിപ്പിക്കുന്നതിന് 1947 ൽ മദ്രാസ് ആസ്ഥാനമാക്കി ഇൻഡ്യൻ ഓർത്തഡോക്സ് മിഷൻ രൂപം കൊടുത്തു. 1947 ഒക്ടോബർ 1 മുതൽ നവംബർ 10 വരെ മിഷൻ ആദ്യ ഭാരതപര്യടനം നടത്തുകയുണ്ടായി. 1948 ഫെബ്രുവരി, മാർച്ചിൽ രണ്ടാം യാത്രയും നടത്തിയാണ് ബാഹ്യകേരളാ ഭദ്രാസനത്തിനു രൂപം നല്കിയത്. അന്ന് അദ്ദേഹം തുടങ്ങിവച്ച പ്രവർത്തനങ്ങൾ ആണ് ഇന്ന് പത്ത് ഭദ്രാസനങ്ങളായി വളർന്ന് വലുതായത്. ഈ കാഴ്ച ഉന്നതലങ്ങളിലിരുന്ന് അദ്ദേഹം ആത്മനിർവൃതി യടയുന്നുണ്ട് തീർച്ചയായും.

**എക്യൂമെനിക്കൽ പ്രഥമ അംബാസിഡർ**

ഭാരതത്തിന്റെ തെക്കേ അറ്റത്ത് കലർപ്പില്ലാതെ ഓർത്തഡോക്സ് വിശ്വാസം കാത്തു സൂക്ഷിക്കുന്ന ജനതയുണ്ടെന്ന് പാശ്ചാത്യരെ ബോധ്യപ്പെടുത്തുന്നതിൽ അഭിവന്ദ്യ തിരുമേനി വഹിച്ച പങ്ക് നിസ്തുല്യമായിരുന്നു. ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 1937 ൽ ഓക് സ്ഫോർഡിൽ നടന്ന ഫെയ്ത് ആൻഡ് ഓർഡർ സമ്മേളനവും എഡിൻബറോയിൽ നടന്ന ലൈഫ് ആൻഡ് വർക്ക് സമ്മേളനവും എക്യൂമെനിക്കൽ പ്രസ്ഥാനവുമായുള്ള മലങ്കരസഭയുടെ ബന്ധത്തിൽ നിർണ്ണായക സംഭവങ്ങളായിരുന്നു. ഫാ. അലക്സിയോസിന്റെ ശ്രമഫലമായി നമ്മുടെ സഭയും ഈ രണ്ടു സമ്മേളനങ്ങളിലേക്കും ക്ഷണിക്കപ്പെട്ടു. കാലം ചെയ്ത പരി. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും റമ്പാന്മാരായ അലക്സിയോസും, സി. എം. തോമസും നമ്മുടെ സഭയെ പ്രതിനിധീകരിച്ച് സംബന്ധിച്ചു. ബാവാ തിരുമേനിയുടെ ശെമ്മാശ്ശനായി അവിടെ സേവനം ചെയ്യുന്നതിന് എനിക്കും



**ഫാ. മാത്യൂസ് ജോൺ മനയിൽ**


സന്ദർഭം ലഭിച്ചു. അങ്ങനെ ഡബ്ല്യൂ.സി.സി.യുടെ രൂപീകരണത്തിൽ നിർണ്ണായക സ്ഥാനം മലങ്കര സഭയ്ക്ക് ലഭിക്കുവാൻ ഇടയാക്കിയത് അഭി. തിരുമേനിയുടെ ശ്രമഫലമായിരുന്നു.

**ആദർശധീരൻ**

പ്രശ്നസങ്കീർണ്ണമായ സഭയുടെ കാലഘട്ടത്തിൽ സഭയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട ആളായിരുന്നു തിരുമേനി. ആദർശധീരതയോടുകൂടി ഓരോ ഘട്ടത്തിലും തിരുമേനി ഇടപെട്ടു. ഒരിക്കൽ അദ്ദേഹം പ്രഖ്യാപിച്ചു ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്തയായി കഴിയുവാൻ ആഗ്രഹിക്കുന്നില്ല. ഒരു നായയെപ്പോലെ ഞാൻ മരിക്കേണ്ടി വന്നാലും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടും. മലങ്കരസഭയുടെ സ്വാതന്ത്ര്യം തീറെഴുതാനും അബ്ദുൽ മശിഹായുടെ പട്ടത്വം പാഴാണെന്ന് സമ്മതിക്കാനും ഞാൻ തയ്യാറല്ല. എന്റെ conviction ന് എതിരായി ഞാൻ പ്രവർത്തിക്കയില്ല. ഇതായിരുന്നു മഹാനായ ആ മെത്രാപ്പോലീത്താ. സ്വയം ഭരണ നേതൃത്വമുള്ള സഭ തിരുമേനിയായിരുന്നു ആദ്യമായി സഭയിൽ ഇത് പ്രഘോഷിച്ചത്.താൻ നിമിത്തം സ്വാതന്ത്ര്യം നഷ്ടപ്പെടും എന്ന തോന്നൽ മുഖാന്തിരം ആലുവാ വട്ടമേശസമ്മേളനം, ചിങ്ങവനം വട്ടമേശ സമ്മേളനം തുടങ്ങിയവയോട് തിരുമേനി നിസ്സഹകരണം പ്രകടിപ്പിക്കുകയുണ്ടായി.

**ആരാധനാ പരിഷ്കർത്താവ്**

അഭിവന്ദ്യ തിരുമേനിയുടെ തൂലികയിൽ കൂടി വിവർത്തനം ചെയ്യപ്പെട്ട ആരാധനാ സാഹിത്യം ഒന്നു പ്രത്യേകം പഠിക്കേണ്ടവയാണ്. വി.കുർബ്ബാന, തക്സാ അതിന്റെ വാചകഘടനയും ഭാഷാനൈപുണ്യവും ഒന്നു പ്രത്യേകം തന്നെയാണ്. അതുപോലെ തന്നെ കഷ്ടാനുഭവാഴ്ചയുടെ പ്രുമിയോൻ സെദ്റകൾ തുടങ്ങി തന്റെ ലേഖനങ്ങൾ, ധ്യാന പ്രസംഗങ്ങൾ എല്ലാം വ്യതിരിക്തമായി നിൽക്കുന്നവയാണ്.എന്തുകൊണ്ടും മലങ്കരസഭയുടെ നഭോമണ്ഡലത്തിൽ ഉദിച്ച പുണ്യപിതാവായിരുന്നു അഭി. അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനി.



# എഴുന്നേറ്റ് പ്രകാശിക്കുക

മനുഷ്യൻ പാപം ചെയ്ത് ദൈവ തേജസ് നഷ്ടപ്പെടുത്തിയതിനാൽ ദൈവത്തിൽ നിന്നകന്ന് സാത്താന്റെ സ്വാധീനത്തിലേക്ക് വീണുപോയി. എന്നാൽ ആ വീഴ്ചയിൽ നിന്നും എഴുന്നേൽപ്പിക്കുവാനായി ദൈവപുത്രൻ മനുഷ്യരൂപം പൂണ്ട് ലോകത്തിൽ വന്നു എന്ന വലിയ സുവിശേഷം വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. St .Cyril of Alexandria പറയുന്നത് The glory of the Lord has risen upon the earth as the Resurrected christ share his glory with us enabiling our nature to be like his. മനുഷ്യ വീഴ്ചയിൽ നിന്ന് അവനെ വീണ്ടെടുക്കുവാൻ ക്രിസ്തുവിന്റെ ഉയിർപ്പ് മൂലം സാധ്യമായി.

ക്രിസ്തുവിന്റെ പ്രവർത്തനങ്ങളിൽ പല അത്ഭുതങ്ങളും നടക്കുമ്പോൾ കാണുന്ന ഒരുവാക്കാണ് എഴുന്നേൽക്കുക (arise) എന്നത്. പ്രകാശത്തിലേക്ക് വരാൻ വീഴ്ചയിൽ നിന്നുള്ള എഴുന്നേക്കൽ ആവശ്യമാണ്. ഇങ്ങനെ വെളിച്ചത്തിന്റെ അനുഭവം ജീവിതത്തിൽ ആവശ്യമാണ്. ഇരുളിൽ നിന്നും എഴുന്നേൽക്കണം. (arise from darkness to light എന്നുള്ള വാക്കുകൾ ക്രിസ്തുവിൽ നിന്നു തന്നെ നമ്മുക്കു കേൾക്കുവാൻ കഴിയും വി. ലൂക്കോസ് 7: 14.16- ൽ നയിൽ പട്ടണത്തിലെ വിധവയുടെ മരിച്ച മകനെ കണ്ടപ്പോൾ ക്രിസ്തു പറയുന്നത് ബാല്യക്കാരാ എഴുന്നേൽക്കുക എന്നാണ്. അവൻ മരണത്തെ വിട്ട് ജീവന്റെ വെളിച്ചത്തിലേക്ക് വന്നു. മരണമാകുന്ന അന്ധകാരത്തെ തോല്പിക്കുവാൻ ക്രിസ്തുവാകുന്ന വെളിച്ചം മൂലം സാധ്യമായി. ബാല്യക്കാരന്റെ എഴുന്നേൽപ്പ് ദൈവമഹത്വത്തിനായിരുന്നു. ഇതേ വാക്കുകൾ തന്നെ തബിഥായുടെ മകളെ ഉയിർപ്പിക്കുവാൻ പത്രോസ് ശ്ലീഹാ ഉപയോഗിക്കുന്നതായി അപ്പോസ്തോല പ്രവർത്തി 9: 40-ാം വാക്യത്തിൽ കാണുന്നു. പത്രോസ് മുട്ടുകുത്തി പ്രാർത്ഥിച്ച് ശവത്തിന്റെ നേരേ തിരിഞ്ഞ് തബിഥായെ എഴുന്നേൽക്കുക എന്നു പറഞ്ഞു അവൾ കണ്ണു തുറന്ന് പത്രോസിനെ കണ്ട് എഴുന്നേറ്റ് ഇരുന്നു. ഈ എഴുന്നേൽപ്പ് പുതിയ വെളിച്ചമായി, മാറ്റത്തിനായി ഉള്ളതാണ്.

ക്രിസ്തു പക്ഷപാത രോഗിയെ സൗഖ്യമാക്കുമ്പോൾ പറയുന്നത്. എഴുന്നേറ്റ് കിടക്ക എടുത്ത് വീട്ടിൽ പോകുക എന്നാണ്. അവൻ എഴുന്നേറ്റ് വീട്ടിൽ പോയി എന്ന് തുടർന്ന് വായിക്കുന്നു. (വി.മത്തായി 9-18, മാർക്കോസ് 2: 11 -12 ലൂക്കോസ് 5: 17-22) ക്രിസ്തു പറയുന്നത് നിന്റെ പാപത്തിന്റെ ഫലമായി നിനക്കു വന്നു പെട്ടിരിക്കുന്ന രോഗത്തിൽ നിന്നും എഴുന്നേൽക്കുക എന്നാണ്. അവൻ പാപമോചിതനായി വീട്ടിലേക്ക് പോയി. ക്രിസ്തു തന്റെ ജീവനെ നൽകിയത് മനുഷ്യനെ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് എഴുന്നേൽപ്പിക്കാനാണ്. വി.ലൂക്കോസ് 17:11:19 വരെയുള്ള വേദഭാഗത്തിൽ കുഷ്ഠരോഗികളോട് ഉള്ള സംഭാഷണത്തിൽ തിരികെ വന്നവനോട് കർത്താവ് പറയുന്നത് എഴുന്നേറ്റ് പൊയ്ക്കൊൾക നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. എന്നാണ്. പുറജാതിക്കാരൻ ആയ ശമര്യൻ കുഷ്ഠരോഗി ദൈവത്ത മഹത്വപ്പെടുത്തിക്കൊണ്ട് എഴുന്നേറ്റ് പോയി. (He arose from the depth of despair to give glory God )

ക്രിസ്തു പഠിപ്പിച്ച മുടിയനായ പുത്രന്റെ ഉപമയിൽ തെറ്റിൽനിന്ന് തെറ്റിലേക്ക് വീണ പുത്രൻ സ്വബോധം വന്നപ്പോൾ പറയുന്നത് ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട് അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന വിളിക്ക് ഞാൻ യോഗ്യനല്ല, നിന്റെ കൂലിക്കാരിൽ ഒരുത്തനെ പോലെ എന്നേ ആക്കണമേ എന്നു അർഹനായി St. Paul പിന്നീട് തന്റെ എഫേസ്യലേഖനം 5:14 പറയുന്നു. ഉറങ്ങുന്നവനെ ഉണർന്ന് മരിച്ചവരുടെ നിന്ന് എഴുന്നേൽക്കുക. എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും. ഉണർന്ന് പാപത്തിന്റെ അനുഭവം മതിയാക്കി വെളിച്ചത്തിലേക്ക്




**ഫാ.ഡോ.തോംസൺ റോബി**
*(ബസേലിയോസ് കോളേജ്, കോട്ടയം)*

വരിക. (Arise from sin to shine in the light and life in christ) ദൈവാനുഭവത്തിലേക്ക് വരിക എന്നാണ് ഓർമ്മിപ്പിക്കുന്നത്.

ഇവിടെയെല്ലാം നാം ദർശിക്കുന്നത് ക്രിസ്തുവിന്റെ സഹിത്വം പുതിയ ഉണർവിലേക്ക് നയിക്കുന്നു എന്നാണ്. ക്രിസ്തു നമ്മിൽ വരിമ്പോൾ ദൈവമഹത്വം വെളിപ്പെടുവാനായി നാം എഴുന്നേൽക്കണ്ട ആവശ്യം ഉണ്ട് പാപത്തിൽ നിന്ന്, മരണത്തിൽ നിന്ന്, അന്ധകാരത്തിൽ നിന്ന്, എഴുന്നേറ്റ് വെളിച്ചത്തിലേക്ക്, നന്മയിലേക്ക്, ജീവിതത്തിലേക്ക് ഒരു പുതിയ അനുഭവം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അസീറിയക്കാർ നശിപ്പിച്ച ജെറുസലേമിന്റെ പുനരുദ്ധാരണത്തിനായി ആമോസിന്റെ മകനായ യെശ്ശയ്യാ പ്രവാചകൻ യിസ്രായേൽ മക്കളോട് പറയുന്നു എഴുന്നേറ്റ് പ്രകാശിക്കുക നിന്റെ പ്രകാശം വന്നിരിക്കുന്നു യഹോവയുടെ തേജസ്സും നിന്റെ മേൽ ഉദിച്ചിരിക്കുന്നു. (യെശ്ശയ്യാ 60:1) എന്നാണ് (Arise and shine) നാമും ഉണർന്ന് എഴുന്നേറ്റ് പ്രകാശിക്കുവാൻ കഴിയണമെങ്കിൽ തിൻമയിൽ നിന്നുള്ള എഴുന്നേൽപ്പ് ആവശ്യമാണ്. (We can arise from sin and depth to life and shine as saints in the glory of God) ദൈവ മഹത്വത്തിലേക്ക് വളരണം.

പുതിയ ജീവിതാനുഭവത്തിലേക്ക് മാറ്റപ്പെടുവാൻ നാം ഇപ്പോഴുള്ള അവസ്ഥയിൽ നിന്ന് എഴുന്നേറ്റ് പുതിയ ജീവിതക്രമം സ്വീകരിക്കണം കുഷ്ഠരോഗിയെപ്പോലെ പൗലോസ് ശ്ലീഹായെ പോലെ, മുടിയൻപുത്രനെപ്പോലെ ഒരു തിരിച്ചു വരവ് ആവശ്യമാണ് നാം തയ്യാറാണോ? ദൈവത്തിന്റെ വെളിച്ചം നമ്മിൽ പ്രകാശിക്കുന്നു. എന്ന് സമ്മതിക്കണം. അനുതപിച്ച് ദൈവപൈതലായി ദൈവത്തിലേക്ക് തിരികെ പോകാം. ദൈവമഹത്വത്തിനായി പ്രകാശിക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവമഹത്വത്തിനായി പ്രവർത്തിക്കാം. Arise from depth to life and Shine to the glory of God.

# പ്രവർത്തന ഉദ്ഘാടനവും പരിസ്ഥിതിദിനാചരണവും



മണ്ണുക്കുന്ന്: സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലേയും, കുന്നപ്പിള്ളി സെന്റ് മേരീസ് ചാപ്പലിലേയും യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തന ഉദ്ഘാടനവും പരിസ്ഥിതിദിനാചരണവും നടന്നു.

കേന്ദ്ര സെക്രട്ടറി ഫാ. പി. വൈ. ജസൻ ഉദ്ഘാടനം ചെയ്തു. വികാരി ഫാ.സി. എം. കുറിയാക്കോസ് അദ്ധ്യക്ഷത വഹിച്ചു. സഹവികാരിമാരായ ഫാ. ഗീവർഗീസ് ജോൺ, ഫാ. ഗീവർഗീസ് ജോൺസ്, എൽദോസ് ജോർജ്, ലിൻഡാ സൂസൻ പോൾ, രോഹിത് പുത്തൂരാൻ, അഖിൽ തമ്പി, ജിബിൻ കെ. ഒ. സാബു എന്നിവർ പ്രസംഗിച്ചു.

## കേന്ദ്രതല പരിപാടികൾ

**സ്നേഹസാഹോദര്യജ്വാല** : ഓഗസ്റ്റ് 15-ാം തീയതി ശനിയാഴ്ച 2.30 ന് പത്തനാപുരം കല്ലുകടവ് ജംഗ്ഷനിൽ നടക്കും. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. ഡോ.എം. എം. ബഷീർ മുഖ്യാതിഥിയായിരിക്കും.

**യുവജനവാരം ഉദ്ഘാടനം** : ഓഗസ്റ്റ് 23-ാം തീയതി ഞായറാഴ്ച 2 മണിക്ക് മുളകുളം കാർമേൽകുന്ന് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടക്കും. ഇടവക മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. കേന്ദ്ര പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവ്വഹിക്കും.

**യുവജനവാര സമാപനം** : ഓഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച 10 മണിക്ക് മാവേലിക്കര ചുനക്കര മാർ ബസേലിയോസ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നടക്കും. മുന്നോക്ക വികസന സമിതി ചെയർമാൻ പ്രയാർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡന്റ് ഫാ. മാത്യൂസ് റ്റി. ജോൺ അദ്ധ്യക്ഷത വഹിക്കും.



പുത്തൂർ സെന്റ് ജോർജ് വലിയപള്ളി യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനാചരണം നടത്തിയതിന്റെ ഭാഗമായി വൃക്ഷത്തൈ വികാരി ഫാ. പി. റ്റി. ഷാജി നടുന്നു.

# യുവജനങ്ങൾ വെല്ലുവിളികൾ ഏറ്റെടുക്കണം

**പ്രിനു ടി. മാത്യൂസ്, മൈലപ്രാ**
*യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറാർ*



**അ**ടുത്തകാലത്തായി ദൃശ്യമാധ്യമങ്ങൾ നമ്മുടെ ഇടയിൽ കടന്നു കയറ്റം തന്നെ നടത്തിയിരിക്കുകയാണ്. ടെലിവിഷനും കമ്പ്യൂട്ടറും ഇന്റർനെറ്റും, മൊബൈൽ ഫോണും ഇന്നു മിക്ക വീടുകളിലും സ്ഥാനം പിടിച്ചു കഴിഞ്ഞു. അറിവിന്റെയും വിജ്ഞാനത്തിന്റെയും അത്ഭുതലോകം നമ്മുടെ മുമ്പിൽ ഇതിലൂടെ തുറക്കപ്പെടുന്നു. എന്നാൽ അവയുടെ ഗുണകരമായ വശങ്ങളെക്കാൾ ദൂഷ്യവശങ്ങളാണ് യുവലോകത്തെ കീഴടക്കുന്നത്. മണിക്കൂറുകൾ ഇവയുടെ മുമ്പിൽ ചടഞ്ഞിരുന്ന് ബൊമ്മകളായി നമ്മുടെ കുട്ടികൾ മാറുകയാണ്. സ്രഷ്ടാവും മാതാപിതാക്കളും സമൂഹവും പ്രതീക്ഷിക്കുന്ന തലത്തിലേക്ക് അവർ വളരുന്നില്ല. ഇതുമൂലം സഭയ്ക്കും സമൂഹത്തിനും ദൈവത്തിനും വേണ്ടി ചെലവഴിക്കേണ്ട ഊർജ്ജം പാഴായി പോകുകയാണ് ചെയ്യുന്നത്. പലർക്കും റിമോട്ടും മൗസും കൈരേഖപോലെയായി മാറിക്കഴിഞ്ഞിരിക്കുന്നു.

ഏത് ഇലക്ട്രോണിക് മാധ്യമത്തിന്റെ ഉപയോഗത്തെക്കാളും അച്ചടി മാദ്ധ്യമത്തിന് ഇന്നു വളരെ പ്രസക്തിയുണ്ട്. ആകയാൽ നല്ല വായന ഒരു ശീലമാക്കണം. "വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളരും" എന്ന സത്യം നമുക്ക് ഉൾക്കൊള്ളാൻ കഴിയണം. കാണുന്നതും കേൾക്കുന്നതും വേഗത്തിൽ മാഞ്ഞുപോകും, എന്നാൽ വായിക്കുന്നത് ഹൃദയത്തിൽ സൂക്ഷിക്കപ്പെടും. ഏത് ദൈവപൈതലിനും ഈ ഭൂമിയിൽ ചെയ്തു തീർക്കുവാൻ നാഥൻ ഏൽപ്പിച്ച ഒരു ദൗത്യമുണ്ട്. അതു പൂർത്തീകരിക്കാൻ കഴിയുന്നിടത്താണ് ജീവിതവിജയം കൈവരിക്കുന്നത്. നമ്മുടേത് എനർജറ്റിക് പീരീഡാണ്, നമ്മുടെ കഴിവുകളെ നാം ഉണർത്തണം. എഴുത്തുകാർ, ഗായകർ, പ്രസംഗകർ, ഐറ്റി വിദഗ്ദർ തുടങ്ങിയവർ നമ്മുടെ ഇടയിലുണ്ട്. പക്ഷേ ദിശാബോധവും ദൈവോന്മുഖാനുഭവവും ഇല്ലാത്തതിനാൽ കഴിവുകൾ കുഴിച്ച് മൂടപ്പെടുകയാണ്. ഇതിന് ഒരു സമ്പൂർണ്ണമാറ്റം ഉണ്ടായേ തീരൂ.

ക്രിസ്തുവും പൗലോസും സ്നാപക യോഹന്നാനും തങ്ങളുടെ ദൗത്യം ഏറ്റെടുക്കുമ്പോൾ സാഹചര്യം ഒരിക്കലും അവർക്ക് അനുകൂലമായിരുന്നില്ല. സാദ്ധ്യതകൾ ഒട്ടുമേ ഇല്ലായിരുന്നു. തികച്ചും വെല്ലുവിളികൾ മാത്രമായിരുന്നു അവർക്കു മുമ്പിൽ ഉണ്ടായിരുന്നത്. പക്ഷേ അത് ഏറ്റെടുക്കുവാൻ അവർ തയ്യാറായി, അതിൽ വിജയിച്ചു. നമുക്ക് വേണ്ടത് നിശ്ചയദാർഢ്യമാണ്. ഇന്ന് നമുക്ക് വേണ്ടത് ആ സമർപ്പണമാണ്. പ്രതികൂലങ്ങളുടെ മുമ്പിലും വിജയങ്ങളെ നമുക്ക് സ്വപ്നം കാണാൻ കഴിയണം. ദൈവകരങ്ങളിൽ നാം താണിരുന്നു കൊടുത്താൽ അവൻ നമ്മിലൂടെ അത്ഭുതങ്ങൾ പ്രവർത്തിക്കും. അങ്ങനെ മാറുന്ന ലോകത്തിലെ വെല്ലുവിളികൾ നമുക്ക് ഏറ്റെടുക്കാം.

**തിരുവസ്ത്രങ്ങൾ വില്പനയ്ക്ക്**

**വൈദീകരുടെ കുപ്പായം, കാപ്പ,**
**വിരിക്കൂട്ട്, ചിത്തോല, ഊറാറ തുടങ്ങിയ**
**തിരുവസ്ത്രങ്ങൾ വില്പനയ്ക്ക്.**
**ഇവ തയ്ച്ചും നൽകപ്പെടും**

*Contact :* The Tur-Abdin Village
Koraha Valavu
A. C Road, Mampuzhakery
Changanasserry
Phone : 89437 05534

# The Indian Youth Salutes Kalam; formulate approaches out of his.

**Fr. Yuhanon John**
***OCYM Nilackal Diocese Vice-President***

A.P.J. Abdul Kalam has left a deep-seated score in the minds of the Indian Youth in a manner few other public figures have in recent memory. As an expert teacher, an innovative scientist, and a 'fortune-planner' Rashtrapati, he impressed the Youth and Student community all over India. Moreover he affirms the youth. To him the ignited minds of the youth all over the world are the most powerful resource on the earth. Orthodox Youth had got an opportunity to hear from him during the 1960th Anniversary and Centenary celebration of the Church in 2012 at Marine Drive. His approach to life is very conspicuous and



remarkable. After the death of Kalam an important instruction was there in the official website www.abdulkalam.com that is not to conduct any condolence meeting, but instead of that "Abdul Kalam's Ambitious Dream Seeding Meeting." On that mode as an alternative of condolence note, here trying to build-up certain youth perspective out of that amazing and magnificent life.

1. Passion for life: The determinant factor of youth is not only age, but the vibrancy of mind. Even though some persons grew older they



are capable of keeping the vitality and liveliness. Kalaam was such a personality who maintained an amplified enthusiasm in the duties he took. He had a passion for the life. He drank 'life to the lees.'He has withdrawn from his committed duties only by sudden death during a speech in Shillong. We should construct such a life approach which is always engaging in the growth and progress of human societies until death. Look the Jesus' model on earth. He values the human life and natural beauty. We don't go for an 'absent-minded' life-pattern here. We ought to move with a 'passion' which is 'wholly present' in the cosmic life.

2. Dream: Kalam was a visionary who had his own visions and a seer who compelled others to see new dreams. Small intentions are big crime for him. According to him dreams are not that come in sleep; but those which disturbs the sleep. Obviously he was being disturbed by such dreams for a scientific and developed India. This age specifically the youth stage is the most vigorous age to dream. Dreams in the youth times catalyst the later ages.

3. Optimism: Kalam says, "The youth needs to develop an attitude: I can do it! We can do it! India will do it!" He was one of the most optimistic and hopeful leader India had ever seen in the last centuries. Christianity is a forward looking religion. We don't believe in 'fate'. God has given the will to hope. In 1964 Jurgen Moltmann, one of the great

theologians of the 20th century, who was the teacher and friend of our Mar Osthathios Thirumeni published a book viz. "*The Theology of Hope*." He highlights 'the believing hope' and 'the sin of despair.' "Despair is the sin and it is against Christianity, Because Christianity is a religion of hope". Despair is stoutly against the faith. For youth personal frailties, certain inabilities, past failure, adjust ment issues, age frustrations, emotional imbalance, structure relations, educational stress etc. might be the cause of despair. There we need the positive approach to life; 'we can overcome.' That approach can create through learning the life style of experienced persons like Kalam and with a believing hope in God.

4. Planning: Kalam plans personally, scientifically and nationally. He has communicated the plans for the betterment of Indian societies. Moltmann in his work *Hope and Planning* (London: SCM Press,1968) states, "Hope and Planning are both related to the future, but they are not identical with one another. Hope and planning represent the future in different ways. Yet they are not separated from one another, but live with each other and for each other. Unless hope has been roused and is alive there can be no stimulation for planning. Without specific goals towards which hope is directed, there can be no decision about the possibilities of planning; but without planning, there can be no realistic hope." For a planning mind, of course there may certain dissatisfaction with the present but a new perception for a better future. The freedom shared by God with human beings is to think and plan to model the future by participating in the divine mysteries. As we are the youth representing the most ancient Church of India we need to plan. We should discover and identify the role and responsibility of our Church in the wider sphere of our nation. We have the long heritage of our Church in our nation even from AD 52. Along with that we call for to analyze the tasks and obligations to take in the common people's lives context of India.

5. Hard work: Abdul Kalam's daily routine has been coming to an end only by 1 a.m. as per the personal secretary's witness. He has worked hard for the nation. Hard work ing enables us to be having impro ved satisfaction in life. St. Paul exclai ms "I worked hard with my own hands! No one to blemish." Unique goals facilitate us to hard work. Long term pl anning make pos sible for short term hard work. It can be a continuing prac tice in life.



6. Honesty: He was very much honest to the duties and towards the persons he met across life. He was very sincere even to the school students who ask questions directly or through email. He spent all the time in quality efforts. Honesty is one of the ethical discipline to be implanted in the minds of the youth.

7. Simplicity: Simplicity is one of the best features of Kalam. His dealings and living were simple. He owned precious little, save his 2500 books, a wrist watch, six shirts, four trousers, three suits and a pair of shoes. He did not own any property nor a fridge, TV, car or an air conditioner. This was for a man who spent over five decades in public service, including his stint as the Rashtrapati of the Republic. In the modern materialistic and consumerist society the style of Kalam stands as a counter-culture based on personal ethics. He has taught us that life is beautiful and can be lived happily without all the luxuries of life.

8. Knowledge: He had an augmented fervor for Knowledge and learning. He observes, "Learning gives creativity. Creativity leads to thinking. Thinking provides knowledge. Know ledge makes you great." He made an equation for Knowledge:

Knowledge = Creativity + Righteousness + Courage + Indomitable Spirit. Cognition to a large extent is energetic during the younger age. So it is a need of every person to acquire maxi mum knowledge during that stage. We must have a zeal to learn new things.

9. Nation Building: Kalam often exhorted the youth community to take initiatives in nation building. As we are the citizens of most democratic and republic nation we have certain obligations in Nation Building. We the Malankara Nazranis have being the part of the Indian Nationality, have to take responsibilities in maintaining peace and stability in our nation.

10. Inclusiveness: One of the most charming peculiarities is his inclusiveness. He respected all people irrespective of their caste, culture or creed. He has urged the student community to respect all without any barriers of differences.

"*The lives of great men remind us, we can make our lives sublime, and departing, leave behind us, footprints on the sands of time*," says Wordsworth.

Orthodox *Yuvajanam* paying tributes to the Great Spirit who poured the energy for Indian youth to live lofty.

Salam Kalam!

## മാർ തേവോദോസിയോസ് തിരുമേനി

# ഓർത്തഡോക്സിയുടെ കാവൽഭടൻ

ഫാ. ബെഞ്ചമിൻ OIC

മലങ്കര സഭയ്ക്കും, കേരള സമൂഹത്തിനും ആദ്ധ്യാത്മിക നിറവിന്റെയും ഭക്താനുഭവങ്ങളുടെയും വാതായനങ്ങളെ തുറന്ന ആത്മീയ സിരാകേന്ദ്രമായി ശോഭിക്കുന്ന റാന്നി-പെരുനാട് ബഥനി ആശ്രമം, സ്ഥാപക പിതാവായ അഭി. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമനസ്സിലെ ചരമ സുവർണ്ണ ജൂബിലി വർഷത്തിലൂടെയാണ് നാം കടന്നുപോകുന്നത്. മലങ്കര സഭയുടെ ചരിത്രത്തിൽ നിർണ്ണായക സ്വാധീനവും അനശ്വര സംഭാവനകളും നൽകിയിട്ടുള്ള അഭി. പിതാവ് കാലത്തെയും വെല്ലുവിളികളെയും അതിജീവിച്ച വ്യക്തിത്വമാണ്.

മലങ്കര ഓർത്തഡോക്സ് സഭ ഒരു ദേശീയ സഭയാണെന്നും ഒപ്പം അത് ഒരു അപ്പോസ്തോലിക സഭയാണെന്നും നമ്മുടെ സഭാ സ്ഥാപകനായ മാർ തോമാ ശ്ലീഹയുടെ കാലം മുതൽ ഈ സഭയ്ക്കുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ അന്യസഭയ്ക്ക് പണയം വയ്ക്കുവാൻ ഒരു തലമുറയ്ക്കും അവകാശമില്ലെന്നും തിരുമേനി വിശ്വസിച്ച് പഠിപ്പിച്ചു.

ജന്മസിദ്ധമായ സഭാ സ്വാതന്ത്ര്യത്തെ കളഞ്ഞു കുളിച്ചുകൊണ്ടുള്ള സമാധാന ശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിൽ അദ്ദേഹം ആരുടെയും എതിർപ്പോ പിണക്കമോ നോക്കിയിരുന്നില്ല. കാതോലിക്കേറ്റിന്റെ സ്വതന്ത്ര്യത്തിന് ഇളക്കം തട്ടിയേക്കാവുന്ന ഉടമ്പടിയെ ധീരമായ് എതിർത്തുകൊണ്ട് ചിങ്ങവനം സമ്മേളനത്തിൽ നിന്ന് വോക്ക് ഔട്ട് നടത്തിയ അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനിയെ അഭിമാനമുള്ള മലങ്കര നസ്രാണിക്ക് ഒരു നാളും വിസ്മരിക്കാനാവില്ല.

ഞാൻ പഴയചണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്തയായി കഴിയുവാൻ ആഗ്രഹിക്കുന്നില്ല എന്നും, ഒരു നായയെപ്പോലെ ഞാൻ മരിക്കേണ്ടി വന്നാലും മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി അടരാടുമെന്നും പ്രഖ്യാപിച്ച നസ്രാണി സിംഹം അടങ്ങാത്ത ആവേശവും ഒടുങ്ങാത്ത സഭാ സ്വാതന്ത്ര്യബോധവും ഉണർത്തുന്നു.

അസ്വസ്ഥതകളും ആപൽസൂചനകളും നിറഞ്ഞു നിന്ന ഒരു കാലഘട്ടത്തിലായിരുന്നു മാർ തേവോദോസ്യോസ് തിരുമേനി ബഥനിയുടെ സാരഥ്യം ഏറ്റെടുക്കേണ്ടി വന്നത്. സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടിരുന്ന ജനങ്ങളെ പ്രഭാഷണങ്ങളിലൂടെയും പ്രബന്ധങ്ങളിലൂടെയും തിരികെ കൊണ്ടുവരാൻ അദ്ദേഹം അത്യധ്വാനം ചെയ്തു. അലരികളും മലരികളും നിറഞ്ഞ പ്രകൃതിയുണ്ടായിരുന്നുവെങ്കിലും തിരുമേനി നേരിട്ട പ്രക്ഷുബ്ധമായ ജീവിതം അദ്ദേഹത്തിന് സമ്മാനിച്ചത് രോഗങ്ങളാണ്. കർമ്മകുശലമായ ആ ധന്യ ജീവിതം തന്റെ നാഥന്റെ സന്നിധിയിൽ ചേർന്നിട്ട് 50 വർഷം.

# ഭദ്രാസന വാർഷികം

ആയൂർ : യുവാക്കൾ പ്രകൃതിയുടെ സംരക്ഷകരായി പ്രവർത്തിക്കണമെന്ന് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. ഒ.സി.വൈ.എം തിരുവനന്തപുരം ഭദ്രാസന വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വൈസ് പ്രസിഡന്റ് ഫാ. വർഗീസ് ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. അലക്സാണ്ടർ വൈദ്യൻ കോറെപ്പിസ്കോപ്പ, ഫാ. ജേക്കബ് കെ. തോമസ്, ഫാ. ഏബ്രഹാം തോമസ്, ഭദ്രാസന സെക്രട്ടറി പ്രവീൺ ജേക്കബ്, ഷിബു വർഗീസ്, റോയി തങ്കച്ചൻ, രജ്ഞി ചാക്കോ എന്നിവർ പ്രസംഗിച്ചു.





# പഴയനിയമം ഉപയോഗിക്കുന്നത് എന്തിന്?



ഫാ. യൂഹാനോൻ

ക്രൈസ്തവ സഭയുടെ അടിസ്ഥാനവേദപുസ്തകമായ പഴയ നിയമത്തെ വളരെ ലാഘവബുദ്ധിയോടെ സമീപിക്കുന്ന പ്രവണത ഇന്ന് ക്രിസ്ത്യാനികളിൽ കണ്ടുവരുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തോടെ പഴയനിയമം ഇല്ലാതായി എന്ന വ്യാഖ്യാനത്തെ ഓർത്തഡോക്സ് സഭ അംഗീകരിക്കുന്നില്ല. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തോടെ "പഴയനിയമത്തിന്റെ നിവൃത്തി"എന്ന പഠിപ്പിക്കലാണ് സഭയ്ക്കുള്ളത്. പഴയനിയമം അംഗീകരിക്കാത്ത ദുരുപയോഗ സംഘടനകൾ "മണലിന്മേൽ വീട്" പണിയുന്നവരോട് തുല്യരാണ്. പഴയനിയമത്തെപ്പറ്റിയുള്ള സഭയുടെ പഠിപ്പിക്കലുകൾ താഴെപ്പറയുന്നവയാണ്.

പഴയനിയമം ഉപേക്ഷിക്കുന്നവർ മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെയാണ് ഉപേക്ഷിക്കുന്നത്. കാരണം പഴയനിയമമില്ലാത്ത ഒരു ക്രിസ്തു ഇല്ല. ക്രിസ്തു വചനവും ജഡവും കൂടിച്ചേർന്ന ദൈവമാണ് (വചനം+ജഡം). വചനമാണ് പഴയനിയമത്തിൽ ക്രിസ്തുവിന്റെ നിഴൽ. വചനത്തെ തള്ളിപ്പറയുന്നവർ ജഡത്തെ മാത്രം ആരാധിക്കുന്നവരാണ്. ജഡം മാത്രമായ ഒരു ക്രിസ്തു മനുഷ്യാവതാരം ചെയ്തിട്ടില്ല (യോഹ. 1:1–18).

സർവ്വവ്യാപിയും, സർവ്വശക്തനും, സർവ്വജ്ഞാനിയുമായ ദൈവത്തെ പുതിയനിയമത്തിൽ മാത്രമായി പരിമിതപ്പെടുന്നത് സഭ അംഗീകരിക്കുന്നില്ല. ഏതെങ്കിലും ഒരു പുസ്തകത്തിൽ മാത്രമായി ഒതുങ്ങുന്ന ഒരു ദൈവത്തെപ്പറ്റിയുള്ള പഠിപ്പിക്കൽ അപകടകരമാണ്.

തങ്ങളുടെ ആഗ്രഹങ്ങൾക്കും സൗകര്യങ്ങൾക്കും നിയന്ത്രിക്കുവാൻ പറ്റിയ ഒരു ക്രിസ്തുവിനെ സൃഷ്ടിക്കുവാനാണ് ചില സഭകൾ പുതിയ നിയമം സ്വീകരിക്കുന്നത്.

- പഴയനിയമ വചനങ്ങൾ വിശ്വസിക്കാത്തവരെ മന്ദബുദ്ധികൾ എന്നാണ് യേശു വിളിച്ചത് (ലൂക്കോ. 24:25).
- പഴയനിയമം ഉപേക്ഷിക്കുകയും അതിനെതിരെ പഠിപ്പിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗരാജ്യത്തിൽ ചെറിയവരും അതാചരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗരാജ്യത്തിൽ

വലിയവരുമാണ് (മത്താ. 5:19)

- പഴയനിയമത്തെ നിവർത്തിപ്പാനാണ് താൻ മനുഷ്യാവതാരം ചെയ്തതെന്ന് ക്രിസ്തു തന്നെ വെളിപ്പെടുത്തുന്നു (മത്താ.5:17; മത്താ. 5:21; 11:13; 12:6–8; മർക്കോ. 10:2–16).
- യേശുവിന്റെ വേദപുസ്തകം പഴയ നിയമമായിരുന്നു (ലൂക്കോ. 4:16–19).
- യേശുവിന്റെ കുടുംബവും പഴയനിയമാചാരങ്ങൾ അനുഷ്ഠിച്ചു (ലൂക്കോ. 2:22 –24).
- പഴയ നിയമത്തിൽ നിന്ന് ഒരക്ഷരം മാറുന്നത് ലോകാവസാനത്തേക്കാൾ ഭയാനകമായിരിക്കുമെന്ന് യേശു പഠിപ്പിച്ചു (ലൂക്കോ.16:17).
- പഴയനിയമാചാരങ്ങൾ അനുഷ്ഠിച്ച് സൗഖ്യത്തിന്റെ പൂർണ്ണത നിലനിർത്തുവാൻ യേശു കുഷ്ഠരോഗിയോട് കൽപ്പിച്ചു (മത്താ.8:4).
- പഴയനിയമ വിശുദ്ധരുമായി യേശു മറുരൂപമലയിൽ സംഭാഷിച്ചു (ലൂക്കോ. 9:30 –31).
- പെന്തക്കോസ്തുകാർ നിരാകരിച്ചാലും പഴയനിയമം നിലനിൽക്കും (മത്താ. 5:18).
- തന്റെ കഷ്ടാനുഭവവും ക്രൂശീകരണവും പഴയനിയമ നിവൃത്തിയാണെന്ന് ക്രിസ്തു വെളിപ്പെടുത്തി (മർക്കോ.9:11– 13; 14:49).
- പഴയനിയമം പുതിയനിയമം പോലെ പരിശുദ്ധാത്മാവിനാൽ രചിക്കപ്പെട്ടതാകയാൽ അതും നമ്മുടെ ആത്മീക വളർച്ചയ്ക്ക് ആവശ്യമാണ് (2 തിമോ. 3:16–17).
- സാത്താന്റെ പരീക്ഷണവേളയിലും പഴയനിയമ വചനങ്ങൾ ഉച്ചരിച്ചുകൊണ്ടാണ് യേശു സാത്താനെ നേരിട്ടത് (മത്താ. 4:1–10).
- പഴയനിയമ പൗരോഹിത്യപ്രകാരമാണ് സഖറിയാ പുരോഹിതൻ ദേവാലയത്തിൽ ധൂപം അർപ്പിച്ചത് (ലൂക്കോ. 1:8–9)
- പഴയനിയമ പിതാക്കന്മാരുടെ ദൈവമാണ് താനെന്നും അവരെപ്പോലെ നമ്മുടെ വാങ്ങിപ്പോയവരും സജീവരാണെന്നും യേശു വെളിപ്പെടുത്തി (മർക്കോ. 12:26; ലൂക്കോ. 20:37)

പുതിയനിയമത്തിൽ 144 സ്ഥലങ്ങളിൽ പഴയനിയമത്തിന്റെ ഉല്പത്തി മുതൽ മലാഖി വരെ പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ മത്തായി 50; മർക്കോസ് 23; ലൂക്കോസ് 23; യോഹന്നാൻ 14; അപ്പോ.പ്ര.27; റോമർ 56; 1 കൊരി. 16; 2 കൊരി. 9; ഗലാ. 9; എഫേ. 5;1, 2 തിമോ 2; എബ്രാ 31; യാക്കോ. 4;1,2 പത്രോ. 9 എന്നിങ്ങനെ പുതിയ നിയമത്തിൽ പഴയനിയമത്തിൽ നിന്നും 278 വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നതായി കാണാം.

പെന്തക്കോസ്തുകാർ പഴയനിയമത്തെ തള്ളിപ്പറയുന്നതിന് കാരണങ്ങൾ നിരവധിയാണ്. പഴയനിയമം അംഗീകരിച്ചാൽ മരിച്ചവർക്കുവേണ്ടിയുള്ള കർമ്മങ്ങൾ, പൗരോഹിത്യം, ധൂപാർപ്പണം, പെരുന്നാളുകൾ, തൈലാഭിഷേകം തുടങ്ങിയവ അംഗീകരിക്കേണ്ടിവരും. യേശുക്രിസ്തുവും തന്റെ ശിഷ്യന്മാരും മറ്റുള്ള അപ്പോസ്തലന്മാരും ഉപയോഗിച്ച പഴയനിയമം ഉപേക്ഷിക്കുന്നവരെ വചനവിരോധികളായി കണക്കാക്കണം. ഉദരരപൂരണത്തിനായി പഴയനിയമം എടുത്ത് പ്രസംഗിക്കുകയും അതിനെതിരെ നിഷേധമനോഭാവം വച്ച് പുലർത്തുന്നതും ക്രിസ്തീയമാണോ?.

പ്രിയരെ,



ലോകത്തിന്റെ പാപത്തെ വഹിക്കുവാൻ ഭൂമിയിൽ അവതരിച്ച അത്ഭുത ശിശുവിനെ ഉദരത്തിൽ വഹിക്കുവാൻ ഭാഗ്യം ലഭിച്ച, താഴ്മയുടെ പ്രതീകമായ വി. ദൈവമാതാവിന്റെ വാങ്ങിപ്പിനെ അനുസ്മരിക്കുന്ന വേളയിലേക്കാണ് നാം കടക്കുന്നത്. സാമൂഹ്യ തിന്മകൾ നിറഞ്ഞ സമകാലീക സമൂഹത്തിൽ, എളിമയോടെ ജീവിച്ച ദൈവമാതാവിന്റെ പ്രസക്തി വളരെ വലുതാണ്. പരസ്പരം ദേഷ്യവും, വിദ്വേഷവും, പകയും മറ്റും നിറഞ്ഞ് നില്കുന്ന ഈ ലോകത്ത് തിന്മയെ നന്മ കൊണ്ട് കീഴടക്കാം എന്ന് ജീവിതം കൊണ്ട് മനസ്സിലാക്കിത്തന്ന മാതാവിന്റെ സ്മരണയിൽ നമുക്കും ഒരുങ്ങാം.

താഴ്മയോടും വിനയയോടും ജീവിച്ച് , ഇന്ത്യ മഹാരാജ്യത്തിന്റെ പ്രഥമ പൗരനായി തീർന്ന ഡോ. എ. പി. ജെ അബ്ദുൾ കലാമിന്റെ സ്മരണകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ.

യുവജനം മാസികയുടെ ഈ ലക്കം പിറവിക്ക് സഹായകമായ എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

**ഫാ. തോമസ് ജോർജ് പട്ടശ്ശേരിൽ**

*(മാനേജിംഗ് എഡിറ്റർ)*

# വാർത്തകൾ

## 79–ാമത് അന്തർദേശീയ വാർഷിക സമ്മേളനം




പാമ്പാടി : ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 79–ാമത് അന്തർദേശീയ വാർഷിക സമ്മേളനം മെയ് 14 മുതൽ 16 വരെ പാമ്പാടി മാർ കുറിയാക്കോസ് ദയറയിൽ നടന്നു. "അവൻ വളരേണം ഞാനോ കുറയണം" (യോഹ. 3:30) എന്നതായിരുന്നു ക്യാമ്പിന്റെ മുഖ്യചിന്താവിഷയം. 14 ന് വൈകുന്നേരം 5 മണിക്ക് പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഒ.സി.വൈ.എം. പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ചീഫ് സെക്രട്ടറി ജിജി തോംസൺ ഐ.എ.എസ്. മുഖ്യ സന്ദേശം നൽകി. കേരള ഹൈക്കോടതി കോടതി ജഡ്ജി ഷാജി പി. ചാലി കർമ്മ പദ്ധതികളുടെ ഉദ്ഘാടനവും ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണവും നിർവ്വഹിച്ചു. ഡോ.സാറാമ്മ വർഗിസ്, ഫാ. മാത്യു കെ. ജോൺ, ഫാ. തോമസ് വർഗീസ് കാവുങ്കൽ, ഫാ. പി.വൈ. ജസ്സൻ, ഫാ.മാത്യൂസ് റ്റി. ജോൺ, പ്രിനു മാത്യൂസ്, ഫാ. മർക്കോസ് ജോൺ പാറയിൽ, അനിൽമോൻ എൻ. ഐ., ബോബിൻ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.ഒ.സി.വൈ.എം. കോട്ടയം ഭദ്രാസന കമ്മറ്റിയാണ് കോൺഫറൻസിന് ആതിഥേയത്വം വഹിച്ചത്.

യൂഹാനോൻ മാർ പോളികർപ്പോസ് മെത്രാപ്പോലീത്താ,ഡോ. യൂഹാനോൻ മാർ ദീയസ്കോറസ് മെത്രാപ്പോലീത്താ, ഡോ. ബിജു ജേക്കബ് ഐ.എ.എ.എസ്., ഫാ.ഡോ.ഒ. തോമസ്, ഫാ. ഡോ. വർഗ്ഗീസ് വർഗ്ഗീസ്, ഫാ. മോഹൻ ജോസഫ്, ഫാ. ഫിലിപ്പ് തരകൻ, ഫാ. സഖറിയ നൈനാൻ, റവ. ഡോ. ജോർജ്ജ് വർഗീസ്, ജി. വി. ഹരി എന്നിവർ വിവിധ ദിവസങ്ങളിൽ നടന്ന ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ഡോ. ജുബിൻ മറ്റപ്പള്ളി, ജേക്കബ് മണുംമൂട്, പി. കെ. തോമസ്, അഡ്വ. ജെയ്സി കരിങ്ങാട്ടിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

15 ന് നടന്ന 'മതനിരപേക്ഷതയുടെ ഭാരതം' എന്ന വിഷയത്തിൽ നടന്ന സെമിനാർ അഡ്വ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. തോമസ് കുരുവിള മോഡറേറ്റർ ആയിരുന്നു. ഡോ. ജോസഫ് മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്താ ക്യാമ്പ് സന്ദർശിച്ചു. 16 ന് നടന്ന സമാപന സമ്മേളനം എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. സ്വാർത്ഥതയുടെ ലോകത്ത് യുവാക്കൾ സ്വാർത്ഥത വെടിഞ്ഞ് ക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കണം എന്ന് അദ്ദേഹം പറഞ്ഞു. പ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. കെ. എം. കുര്യാക്കോസ്, ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ, സാം വർഗ്ഗീസ്, ഫാ.സി.ഐ. വർഗീസ്, ആൻസൻ കുര്യൻ, ഷിജോ വർഗീസ്, ബോബിൻ മർക്കോസ്, റേനിൽ രാജൻ, കെ. വൈ. ബിജു, ജോജി പി. തോമസ് എന്നിവർ പ്രസംഗിച്ചു. സബ് ഇൻസ്പക്ടറായി നിയമിതനായ യുവജന മാസിക പത്രാധിപസമിതി അംഗം പ്രസാദ് എബ്രഹാം വർഗ്ഗീസിനെ പ്രസ്ഥാനം അനുമോദിച്ചു.



# ആത്മീയതയ്ക്ക് ഉപരിയായ ലൗകികത അപകടം :

## പരി. കാതോലിക്കാ ബാവാ



കോട്ടയം: യുവാക്കൾ ആത്മീയതയ്ക്കു മുകളിൽ ലൗകികതയ്ക്കു സ്ഥാനം നൽകുന്നതു സമൂഹത്തിനു ഭീഷണിയെന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അഭിപ്രായപ്പെട്ടു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കോട്ടയം ഭദ്രാസന വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാലഘട്ടത്തിന്റെ വെല്ലുവിളികളെ വൈകാരികമായി നേരിടുന്നതിനു പകരം പ്രാർത്ഥനാപൂർവ്വമായ സമീപനം യുവാക്കളിൽ നിന്നും ഉണ്ടാവണം എന്നു ബാവാ ഓർമ്മിപ്പിച്ചു. കൊല്ലാട് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നടന്ന സമ്മേളനത്തിൽ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, യൂഹാനോൻ മാർ പോളികാർപ്പസ് മെത്രാപ്പോലീത്താ, ഫാ. പി. വൈ. ജസൻ, കോഴിക്കോട് ജില്ലാ കലക്ടർ പ്രശാന്ത് നായർ, മനോരമ ന്യൂസ് പ്രൊഡ്യൂസർ നിഷ ജെബി, ഫാ. മർക്കോസ് ജോൺ, ഫാ. മാത്യു കെ. ജോൺ, ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ, അനിൽമോൻ എൻ. എ., ബോബിൻ ഏബ്രഹാം, ആൻസൺ കുര്യൻ എന്നിവർ പ്രസംഗിച്ചു.



# പ്രവർത്തന ഉദ്ഘാടനം

കിഴമുറി : യുവാക്കൾ നന്മയുടെ സേവനം ചെയ്യാൻ തയ്യാറാകണമെന്നും മറ്റുള്ളവരുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. കണ്ടനാട് (W) ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തന ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കിഴമുറി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്ന ചടങ്ങിൽ വികാരി ഫാ. വി. എം. മാത്യൂസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. സക്കറിയ പി. ചാക്കോ കോറെപ്പിസ്ക്കോപ്പ, ഫാ. ജോസഫ് മലയിൽ, യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.ജോമോൻ ചെറിയാൻ, യുവജനപ്രസ്ഥാനം ഭദ്രാസന ജനറൽ സെക്രട്ടറി ഗിവിസ് മർക്കോസ്, ജിൻസ് ക്രിസ്റ്റോ, അബിൻ എന്നിവർ പ്രസംഗിച്ചു.

# യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം




മൈലപ്ര : തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം (ശൈനോ 2015) മൈലപ്ര സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്നു. കേരള കലാമണ്ഡലം വൈസ് ചാൻസിലർ പി. എൻ. സുരേഷ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്ത യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് ചാക്കോ, കേന്ദ്ര ജനറൽ സെക്രട്ടറി ഫാ.പി.വൈ.ജസൻ, ഫാ. വർഗീസ് മാത്യു, കേന്ദ്ര ട്രഷറാർ പ്രിനു ടി. മാത്യൂസ്, അഡ്വ. അനിൽ പി. വർഗീസ്, ഡോ. ജസ്റ്റിൻ പടമാടൻ, വർഗ്ഗീസ് ഏബ്രഹാം, ഭദ്രാസന സെക്രട്ടറി പ്രമോദ് മാത്യു, ഭദ്രാസന ഭാരവാഹികളായ ജോബിൻ പി. സജി, മത്തായി ജോഷ്വാ, ജിത്ത് ജോൺ, സോഹിൽ വി. സൈമൺ, ആകാശ് മാത്യു വർഗ്ഗീസ്, മെബിൻ ബാബു എന്നിവർ പ്രസംഗിച്ചു.

# പഠന സഹായ നിധി വിതരണം



പുത്തൂർ : സെന്റ് ജോർജ് വലിയപള്ളി യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നിർധനരായ 250 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഇടവക വികാരി തോമസ് ഫാ. പി. റ്റി. ഷാജൻ ഉദ്ഘാടനം നിർവ്വഹിച്ചു. ജിനു കെ. കോശി അദ്ധ്യക്ഷത വഹിച്ചു. ടോളമി എം.ജി.ജോൺസൺ, എ. വി. അനു എൻ. ജോർജ്, ജിപ്സൺ, ബിനു പാപ്പച്ചൻ, ജോബിൻ ജോൺ, ബെൻസൺ ബാബു, അപ്പു എസ് ജോർജ്, ചാർളി വി. റ്റി, ജയിംസ് ജോൺ, ജോബിൻ തോമസ്, സോണി ജോസ് എന്നിവർ പ്രസംഗിച്ചു.

# 24–ാമത് ശ്രാദ്ധപ്പെരുന്നാൾ



## വന്ദ്യ ദിവ്യശ്രീ പി.ഐ. മാത്യുസ് റമ്പാൻ

**സെപ്റ്റംബർ 3, 4 തീയതികളിൽ**
**മൈലപ്രാ മാർ കുറിയാക്കോസ് ആശ്രമത്തിൽ**

**പരി. കാതോലിക്കാ ബാവായുടെയും**
**അഭിവന്ദ്യ തിരുമേനിമാരുടെയും**
**മുഖ്യകാർമ്മികത്വത്തിൽ**

# ദുബായ് സെന്റ് തോമസ്
# ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം



# മാർ തേവോദോസിയോസ് അവാർഡ് 2015

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ
ആഭിമുഖ്യത്തിൽ ദുബായ് കത്തീഡ്രലിന്റെ പ്രഥമ വികാരിയും,
മലങ്കര സഭയിൽ ഉത്തരേന്ത്യൻ മിഷൻ പ്രവർത്തനങ്ങൾക്ക്
ത്യാഗോജ്ജ്വലമായ നേതൃത്വം നൽകിയ കൽക്കട്ടാ ഭദ്രാസനാധിപനും ആയിരുന്ന
ഭാഗ്യസ്മരണാർഹനായ അഭി. സ്തേഫാനോസ് മാർ തേവോദോസിയോസ്
തിരുമേനിയുടെ പാവന സ്മരണാർത്ഥം 2012 മുതൽ ഏർപ്പെടുത്തിയിട്ടുള്ള

**"മാർ തേവോദോസിയോസ് അവാർഡ് 2015"**

സമൂഹത്തിലെ സാമൂഹിക–സേവന–ജീവകാരുണ്യ കർമ്മപഥങ്ങളിൽ
നിസ്വാർത്ഥ സേവനം നൽകി വരുന്ന മലങ്കര സഭാ അംഗങ്ങളിൽ
ഏറ്റവും അർഹതപ്പെട്ട വ്യക്തിത്വത്തിന് നൽകുന്നു.
ആയതിലേക്ക് പ്രസ്തുത വ്യക്തികളുടെ പേരും, മേൽവിലാസവും,
അവരുടെ പ്രവർത്തന മേഖലകൾ വിശദമാക്കുന്ന പൂർണ്ണ വിവരങ്ങളും
ചിത്രങ്ങളും, അതാത് ഇടവക വികാരി, യുവജനപ്രസ്ഥാനം സെക്രട്ടറി
എന്നിവരുടെ സാക്ഷ്യപത്രം സഹിതം
To, The President, St. Thomas Orthodox Cathedral Youth Movement, P.O. Box: 2563, Dubai
എന്ന വിലാസത്തിൽ ഓഗസ്റ്റ് മാസം 30–ാം തീയതിക്ക് മുൻപായി
സാധാരണ തപാലിൽ അയച്ച് കൊടുക്കേണ്ടതാണ്.

Printed and Published by H.G.Yuhanon Mar Policarpos Metropolitan, on behalf of President, Orthodox Youth Movement, St. Thomas Bhavan, Kottayam - 1.
Printed at : Peediakkal Offset Printers, Kavumbhagom, Thiruvalla -2. Phone : 94958 37117, 94479 00996 Cheif Editor : Joji P. Thomas, Peediakkal,
Managing Editor : Fr. Thomas George Pattasseril. Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997 **Rs.10**